MONTHLY NEWSLETTER OF GURUVAYOOR DEVOTEES FORUM

ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

# നവനീതം

വൃശ്ചികം 1182 / NOVEMBER 2006

## NAVANEETHAM

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:



ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ ഭഗവതേ വാസുദേവായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

Hare Rama Hare Krishna!

# Guruvayoor Ekadasi and Mandala Vratham

**II Swamiy Saranam Ayyappa II**

**Guruvayur Ekadasi :**

*Malayalam month of Vrishchikam is very special and holy to all of us.*
*December 1st is Guruvayoor Ekadasi. It was on the Guruvayur Ekadasi day that Lord Krishna revealed the Gita to Arjuna. Guruvayur Ekadasi is a very auspicious day and many devotees keep a Vrath by fasting. Chembai Music Festival is conducted in Guruvayur during this week.*

**Mandala Vratham:**

*The forty-one days of vrath is to force the mind to withdraw from attachments to worldly possessions and to direct it towards the absolute truth.*

*The difficult forest path to Sabarimala symbolizes the sacrifices required in spirituality quests. The coconut represents the human body, the outer shell of the coconut symbolizes ego, and the ghee is the atman (human soul). Coconuts have three eyes: two eyes represent the intellect and the third eye is the spiritual eye. The idol represents Brahman. The rear compartment of the Irumudi symbolizes 'Praarabdha Karma' (accumulated worldly possessions).*

*The devotee exhausts all the worldly possessions during the journey and reaches the Sannidhanam with the ghee filled coconut. The devotee opens the spiritual eye of the coconut, breaks the coconut and pours the ghee (Atman) on to the idol (Brahman). At this time, the devotee has detached the ego and worldly possessions. He or she has developed an attitude of total surrender to the Lord (infinite love for the Lord). Many millions of devotees will be visiting Sabari Mala to get darshan of Lord Ayyappan in the next two months.*

**Lord Ayyappan**

*Ayyappan is the manifestation of the combined energy of Lord Vishnu and Lord Siva. The avatar of Lord Ayyappan (son of Vishnu and Siva), was to destroy Mahishi (a demon). It is important to note that the Advaita vedanta is revealed by the sitting and meditating pose of the Ayyappan in Sabarimala. Ayyappan sits with his thumb and forefinger crossed in a symbol of chinmudra. The thumb represents the Atman and the forefinger is the Jeeva. There is no gap between the Atman and the Jeeva.*

**Swamiye Saranam Ayyappa: Om Namo Narayanya:**
**May God Bless you always.**

– **Sunil Menon**

***Editorial Board***

| | |
|---|---|
| *Veena Nair* | *Vinod PS* |
| *Sukumar Cananda* | *Sunil Menon* |

കൃഷ്ണാ ഗുരുവായൂരപ്പാ!

# വിഷയക്രമം / CONTENTS


| | | |
|---|---|---|
| Aa Punya Paadam | 4 | Sindu |
| Ekaadasi Naal | 5 | Sukumar canada |
| Thiru Sannidhaanam | 6 | Sukumar canada |
| Mahavishnu Sketh by Prem | 7 | Prem |
| GopalaVismati | 9 | Dr. Saroja Ramanujam, MA, PhD |
| Geeta Dhyanam | 11 | Veena Nair |
| It works – A Personal experience | 14 | Balagopal Ramakrishnan |
| The Relevance of Scriptures and the Scriptural Authority | 15 | Somesh Kumar |
| Pallikketu Sabarimalakku | 17 | Valluvandan |
| Guruvayuoor Ekadasi | 31 | Sunil |
| Temple News – Swami Sharanam, Dombivli News | 32 | N. R. Raju |


Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to **editor@guruvayoor.com**

## Om Namo Narayanaya:

# ആ പുണ്യ പാദം

സിന്ധു



മനം നിറയുന്ന ദുഖതിനെല്ലാം പോംവഴി തവ പാദം

മൗനം നിറയുന്ന മനസ്സിനെല്ലാം ശാന്തി തവ പാദം

മധുരം നുണയുന്ന ജീവിതതിനെല്ലാം ആധാരം തവ പാദം

നിത്യം ശാന്തിയേകുന്ന വൈദ്യം തവ പാദം

നമസ്കരികുന്നു ഭഗവാനേ തവ പുണ്യ പാദം ദിനം തോറും

നമസ്കരികുന്നു സർവേശ്വര ദിവ്യമാം രൂപത്തേ ദിനം പ്രതി

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ

ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

Sindhu stays at Kuwait with husband Mr. Sunil, son Sharath and daughter Shwetha. She is originally from Palakkad - **(ssindhuu@yahoo.com )**

# ഏകാദശി നാൾ



എ. പി. സുകുമാർ, കാനഡ

ഏകാദശി നാൾ ഗുരുവായൂരിലെൻ
പുണ്യങ്ങൾ പൂവണിഞ്ഞു

കണ്ണന്റെ കാലടി കാട്ടിത്തരുവാനെൻ
അച്ഛനും കൂടെ വന്നു
കൈവല്യരൂപമാർന്നവിടുത്തെ പാദങ്ങൾ
കാണുവാൻ വെമ്പി നിൽക്കേ
കേശാദിപാദം നിറച്ചന്ദനച്ചാർത്തെഴും
കണ്ണനാമുണ്ണിയെൻ മുന്നിൽ

ശ്രീകോവിൽ നടയിൽ ഞാൻ
നിർന്നിമേഷം നിന്നു
കൈയ്യൊന്നു കൂപ്പിയതില്ലാ
ആ തിരുമുഖമോർമ്മയുമില്ലാ
വീണങ്ങുടഞ്ഞതു കാലമോ
ഞാനെന്ന ഭാവമോ
ഏതെന്നറിഞ്ഞതുമില്ല

അച്ഛന്റെ കൈത്തുമ്പിലാദ്യം പിടിച്ചപോൽ
അച്ഛനെൻ കൈ പിടിക്കുന്നു
ഗുരുവായൂരപ്പനെ മുറുകെപ്പിടിക്ക നീ
എന്നു വിലോലനാവുന്നു

ചെമ്പൈ സ്വാമിതൻ സത്സ്വരണാനന്ദം
ഏങ്ങുമരങ്ങിൽ കൊഴുക്കേ
ഭക്തിലഹരിയാർന്നാ ഗാനലോലുപർ
സന്ദ്രാനന്ദം ജപിക്കേ
അച്ഛന്റെ പക്കമേളമായെന്റെ നാവും
ആയിരം നാമങ്ങൾ ചൊല്ലീ
ആ ശ്രീകോവിലിൽ ആനന്ദരാഗമായ്
ആനന്ദാശ്രു പൊഴിച്ചു
മനമാനന്ദാശ്രു പൊഴിച്ചു

# തിരുസന്നിധാനം



എ. പി. സുകുമാർ, കാനഡ

തിരു സന്നിധാനം തിരുസന്നിധാനം
ഹൃദയാഭിരാമന്റെ തിരു സന്നിഭം
ചിന്മുദ്രയേന്തിയൊരയ്യപ്പ ചരണം
ഭക്ത കോടിയ്ക്കും പരമപദം
സർവ്വ സിദ്ധിപ്രദമാം തിരു സന്നിധി

അയ്യപ്പന്മാരൊത്തു വിരിവെച്ചു പമ്പയിൽ
മൃഷ്ടാന്നമായൊരു സദ്യയുണ്ടു
സദ്യോദയം ഗുരുസ്വാമിയിൽ നിന്നുമാ
ചിൽപുരുഷൻ തൻ കഥകൾ കേട്ടു
അപ്പമരവണ നൈവേദ്യമുണ്ടുമുൾ
ത്താരുമൊരൽപ്പം പവിത്രമാക്കി
സന്നിധാനത്തിൻ വിശുദ്ധി കൊണ്ടയ്യനാം
അയ്യപ്പനാമാധികാരിയായി
ഞാൻ അയ്യപ്പ നാമാധികാരിയായി

ശബരിഗിരീശ്വര നിൻ നാമമോലാതെ
നാകങ്ങളിൽപ്പോലുമൊന്നുമില്ല
ഭൂമിയിൽ നാക സൗഭാഗ്യം വിളയുന്ന
ഭൂമികയല്ലയോ സന്നിധാനം
സകല ഭേദ ചിന്താദികൾ പോക്കുന്നിടം
വിമല പൂങ്കാവനം ദിവ്യ സന്നിധാനം

## Mahavishnu Sketh by Prem (bpremkumar@yahoo.com)



**Om Namo Narayanaya:**

**Om Namo Narayanaya:**



# GOPALAVIMSATI

## DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

***Anuyaayi manojna vamsanaaLah avathu spasrsitha vallavee vimohaih***
***anaghasmitha sheethalairasoumaam anukampaasaridhambujairapaangaih***
***( Gopalavimsathi-11)***

**May the Lord protect me with His side-wise glances, which are the lotuses that grow in the water of mercy,followed by the stalk in the form of the flute,and which make the gopis swoon by its touch and made cool with His pure smile.**

**The glance, *apaanga* is compared to lotus whose stalk,*naala* is the bamboo, *vamsa* with *naala,* reeds with holes, the music from the flute follow, *anuyAyi,* the eyes with their heartwarming tunes. the smile of Krishna which is pure, *anagha,* and not *kapata*, deceitful, is compared to the coolness of the lotus. The lotuses, glances, are grown in the lake of *anukampa,* mercy,and contacting the gopis make them *vimohitha* go inta a trance, forgetting themselves and their homes.**

**Desika describes the playing of the flute by Krishna beautifully in Yadhavabhyudhaya.**

***nirankusasneharasaanuviddhaan nishpandhamandhaalasa nirnimeshaan***
***vamsenakrishnah prathisambabhaashe varthaaharaan vaamadhrsaan kataakshaan***
***( Yad.4-60)***

**The gopis were talking to him with their beautiful glances,*vaarthaaharaan vaamadrsaan kataakshaan* to which Krishna answered with his flute,*vamsena krishnah prathisambabhaashe*. They were described as smitten with the emotion of unrestricted love and were looking at him with unbatted eyelids.**

***adharaahitha chaaruvamsanaaLaah makutaalambhimayoorapicchamaalaah***

*harineelasilaavibhangaleelaah prathibhaah mamaanthimaprayaaNe santhu*
*( Gopalavimsathi-12)*

**May the appearance of the flute applied to the lower lips, of the garland of peacock feathers at his crown, of the luster resembling that of sapphire blue always be in front of me when I start on my last journey.**

**Desika entreats the Lord to appear in front of him during his last journey with all His splendour , His flute on His lower lip, peacock feather applied to his locks as a garland and His body shining like a blue sapphire.**

**In *Krishnakarnaamrtha* Leela suka says,**

***vyathyamsapaadham avathamsitha barhibarham***
***saacheekrthaanananivesithavenurandhram***
***thejahparam paramakaaruNikam purasthaath***
***praanaprayaanasamaye mamasannidhatthaam***

**With His feet crossed with peacock feather as his head ornament, His face turned sideways with the flute, let the supreme light , full of mercy,stand before me at the time of my life going out.**

*akhilaan avalokayaamikaalaan mahilaaDHeena bujaantharasya yoonah*
*abhlaashapadham vrajaanganaanaam abhilaapakramadhoormaabhimukhyam*
*(Gopalavimsathi-13)*

**I am seeing at all times the youth, whose chest was appropriated by Lakshmi and whose beauty is the longing of the gopis and who is beyond expression.**

**Desika relates his experience of constant perception of the beauteous form of Krishna, the chest of whom is the abode of Lakshmi , his beauty is the most cherished object of love for the gopis. His beauty is such that it cannot be described by words, being beyond expression.**

*hrdhimugDha sikhandamandanah likhithah kena mamaisha silpinaa*
*madhanaathuravallavaanganaavadhanaambhoja dhivaakaro yuvaa.*
*( Gopalavimsathi-14)*

**By which artist has this form of the youth , who is like the sun for the lotuses of the faces of love-stricken gopis and with beautiful head ornament of peacock feathers, been painted on my heart.!**

**Desika after saying that he is constantly seeing Krishna ,here gives the reason for it. It has been chiseled in his heart by some wonderful sculptor or a painter , so that he is seeing the beautiful form of Krishna always present in his heart with his head crowned with peacock feathers. Desika describes the form of the Lord as the sun that makes the faces of the gopis, who are full of love for him, blossom like lotuses.**

# || GEETA DHYAANAM ||



**Veena Nair**

**||Om Namo Narayanaya||**

Krishna says that the man who treats pain and pleasure in the same way, and does not get dejected or elated at pain or pleasure is indeed wise.

One who is stable in happiness and sorrow becomes fit for liberation, for moksha

Why should one strive to bear with equanimity the joys and sorrows in life?

*naa-sato vidhyate bhaavo na-bhaavo vidhyate sataha*

*ubhayor-api dhrusto-anantas-tvanyos-tatva-darshibhi || 2.16 ||*

*The unreal comes not into being; the real never lapses into non-being. The truth about both these has been perceived by the seers of Reality.*

In this sloka, Krishna is stressing on the changing nature of the material world and the unchanging nature of the Atman within us. Our body changes, the mind evolves, intellect develops; while this happens there is a certain amount of dying of the previous stage, the passing away of childhood or adolescence, of the childish mind etc. However even as the water in a river continuously flows, there is the riverbed which is unchanging, motionless; similarly, we have some underlying foundation that is changeless, and Real and is common to our body, mind, and intellect. The Real is that which exists at all times, in the past, present, as well as in the future. Throughout our lifespan there is something within us that observes the changes in us:

how tall, how fat, how many grey hairs, whether we have become wiser, how things that bothered us before don't bother us now, how the older hobbies have been replaced etc. Swami Chinmayananda says that it is this changeless Awareness by which I become conscious of changes in my life, which is the Infinite in me, the Real Atman.

*Some more explanation on the Real:*

*aveenaashi tu tad ciddhhi yena sarvam idam tatam*
*vinaasham avyayasyaasya na kaschit kartum arhati ||* 2.17 ||

*Know that to be indestructible by which all this is pervaded. None can cause the destruction of that – the Imperishable*

To explain this the example of clay and pot is given; no matter the different shapes of different pots, no matter the differences in colors and sizes, each pot is made up of clay and when the pots are destroyed, all of them will become mud. Similarly this ever-changing world is held together by the unchanging Brahman, the Infinite which no one can destroy (indestructible – *avinaashi)*. It does not undergo any change, does not increase or decrease, and does not undergo growth or decay.

*And again explaining the Unreal, mutable, changing, the perishable:*

*anta-vanta ime deha nityasokta shareerina*
*anaasheeno-aprameyasya tasmadh-yudhyaswa Bharata* || 2.18 ||

*They have an end, it is said, these bodies (shareerina). The Self, is eternal, indestructible, incomprehensible, therefore fight, O Bharata*.

What is perishable has an end. The Supreme is said to be ever-changeless, eternal as well as indestructible; the two are not the same. A human being can die, and his body is said to perish, destroyed. However, a very healthy active man may undergo a severe illness, lose weight and look totally transformed and we say that his health was destroyed. So in finite objects such as the human body, we can say that they are destructible and this is possible completely or

partially. However, when we talk of the Real, changeless, imperishable Supreme, Krishna says that neither a total or partial destruction is possible for It. Incomprehensible (aprameyasya) only means that which cannot be understood by the common or normal sense of perception i.e. sight or hearing etc.

Thus Sri Krishna advises Arjuna that because the Self/Brahman/Supreme is eternal and unchanging, he should give up his defeatist attitude and face the situation bravely. Here is the call to shake off his (and ours) grief and delusion which plague our minds and cripple us from doing things even in our day to day lives. Swami Chinmayananda explains this as a call to actively face the situation in every field of our lives at every given moment.

Now Krishna gives two slokas that show that the Geeta is meant to remove grief and delusion from our lives

*ya enam vetti hantaaram yashchainam manyate hatam*
*ubau tau na veejaaneeto naayam hanti na hanyate* || 2.19 ||

*He who takes the Self to be the slayer, and he who thinks He is slain, neither of these knows, He slays not, nor is He slain.*

The Self being eternal, can neither be killed or nor can it kill. One who thinks that he has killed or that he is dead when the body is dead does not understand the true Self. That which dies is the perishable, the little self or the body with which we identify, because the Brahman which is indestructible and is the pure Consciousness is the illuminator of the body and the ego which thinks 'I did this'.

*na jaayate mriyate vaa kadaachin*

*naayam bhutva bhavitaa vaa na bhuyah*
*ajo nityah shashvato yam puraano*
*naa hanyate hanyamaane sharrere* || 2.20 ||

*He is not born, nor does He die; after having being, He never ceases not to be, unborn, eternal, changeless, and ancient, He is not killed when the body is killed.*

The body has a tendency to undergo changes and these changes such as birth, growth, decay, disease, death are the sources of sorrows in one's life. Just as in the ocean, waves are formed and then die away, but the ocean is not in anyway affected by the changing nature of the waves, similarly, although bodies are formed and eventually die, these changes do not in anyway affect the soul. Therefore it is said, that because the soul does not have a beginning or an end, there is no birth, nor death. The Atman or higher Self or soul in Man is not something that has come to be born due to or because of the body. The Atman is unborn and eternal, birthless, and deathless (*ajah, nitya*)

*veda-vinaashinam nityam ya enam ajam avyayam*
*katham sa purusha Paartha kam ghaatayati hanti kam* || 2.21||

*Whosoever knows Him to be indestructible, eternal, unborn, and inexhaustible, how can that man slay, O Partha, or cause others to be slain?*

Here Krishna is questioning the ridiculous idea of man that 'I am the agent'. He says when you know that the Atman is the driver, the source that illuminates this human life, then how can you think that you are the cause and the means of doing something like killing these people? Thus Krishna is making it clear to Arjuna that he is not the slayer and he is not even the agent who is the cause of the death of these people. The ego which identifies itself with the human body cannot and is not the cause of anything.

|| Hari Om ||

***TO BE CONTINUED……………………***

**Om Namo Narayanaya:**

# It Works!!!!!!!!!!!!!!!

Balagopal Ramakrishnan (rbalpal@yahoo.co.in)

## Pleasant evening

Last October I was visiting one of my Uncles, in his eighties, at his home in Calicut. Both of us were very happy to meet after a span of one year. I remember him doling out tons of love and affection especially when we used to visit him during my boyhood days. He retired as a Chemist from the Kerala Soaps and Oils, a State Govt. company, now defunct. He has a good scientific bent of mind, reasonably religious and yearning to be more spiritual. A very simple man, who always lived a pious life. Though tender at heart he could become as hard as a diamond when confronted with 'adharma'. A person who would even cut off all connections if need be. Inspite of his age he still shows signs of defiance against 'adharma'. (The typical statement we often hear especially from the elderly persons-'jnan yathoru karanavasalum adharmathinnu koottu nikkilla'). Because of age, these days he is unable to travel to Guruvayur. So the only way is to keep 'his' name in the heart and read 'his' 'Gita' to savour the 'amrut'. Age has not caught up with his senses or his memory. It was about 9.15 in the night and like most people he was also in front of the TV. The channel running at all homes at that time was some popular programme of the Kairali TV. In between he was constantly switching the channel to DD Malayalam. Curious I asked him the reason. He was waiting impatiently for the 'Gita' discourse by Swami Chinmayanandaji's disciple (forgot the name) to start at 9.30 PM. On the coffee table there were two copies of 'Gita'. I found those books also very good and interesting too. Like every empty pot I made some noises about the 'Gita'. True to his humility he savoured them all with lots of interest. Not once did he call my bluff.

## Setback & honour at risk

As it neared 9.30 the DD Malayalam channel went off the air. (probably it was 'His' way to teach me modesty). I was really embarrassed, since all other channels except this one was clearly working. I had to save my honour. I shouldn't be a bad 'shakun'. Since it was about 'Gita' I dared to use the principles.(you have right to work and not on the results.) I told his family that the best we can do now is to call up the cable provider and insist him to do whatever it takes to get the channel back on the screen. His family was very sure that there is very little chance for the channel to come back since it was raining and moreover lightning too. Since I had to save myself from the embarrassment I insisted that they call the cable provider and do our best. Very reluctantly they dugged out the tel. numbers and started dialing and then speaking to them. I was holding my breath. With all humility (I had become the personification of 'humbleness' by then) I was eagerly waiting for the miracle to happen. Though I did not know what exactly would happen, I STRONGLY BELIEVED that the principles revealed by Him 'WILL WORK'. (na mey bhakthaha pranasyati). And ...... It WORKEDDDDDDDD!!!!!!!! (happy ending)

The screen started flickering in patches and sooner the programme came to life in full blast just as the Swamiji was starting his discourse. (having my honour retrieved I left immediately with the true blessings of my Uncle)

***'karmanyevadhikarasthe ma phaleshu kadachana***
***ma karmapalaheturbhurma te sangosthuakarmani'***



# The Relevance of Scriptures and the Scriptural Authority – Part II

***Somesh Kumar***

**In this part of the article we will see why is Scriptures different from some mundane literature which is written eulogizing some mundane material characters.**

**Generally, people who do not have faith in the Holy name of Krishna and the wonderful activities which He has performed claim that all the stories are comparable to any fantasy story written by some mundane author.**

**If this is really true, why did a person like Shukadeva Gosvami (who is the son of Srila Veda Vyasa, the compiler of Vedas and the author of Mahabharata and multifarious spiritual topics) sing the glories of Krishna and talked about the life and activities of Krishna?**

**Srila Shukadeva Gosvami is a Nitya-siddha Paarshada (Eternally liberated personality) and he has no interest in anything mundane or material. Krishna's birth and activities are transcendental (divyam) as stated in Bhagavad-Gita:**

***[ Janma Karmam Cha Me Divyam Evam Yo Vetti Tattvatah***
***Tyaktva Deham Punar Janmam Naiti Maam Eti So'rjuna***

**"One who knows the transcendental nature of My appearance and activities does not, upon leaving the body, take his birth again in this material world, but attains My eternal abode, O Arjuna." – BG 4:9 - http://www.asitis.com/4/9.html ]**

**Because of this reason Srila Shukadeva Gosvami was spontaneously attracted to hearing about Krishna. Actually this particular spontaneous urge to glorify Krishna is present in everyone and is in fact the only desire of all the living entities. But, due to the material covering since time immemorial, the living entity has forgotten this eternal attraction to the Lord and has misplaced this attraction towards body and everything related to body.**

**This eternal love for the Lord can be revived when we engage in discussing topics related to the Lord and also what the Lord has said – as stated in the scriptures like the Bhagavad-Gita, Srimad-Bhagavatam etc.**

**This is confirmed in a beautiful scripture called Chaitanya-Charitamrta which glorifies Shree Krishna Chaitanya Mahaprabhu who appeared in Bengal (Gaudadesha) around 500 years back. It is stated there-in:**

*[ Nitya Siddha Krishna Prema, Sadhya Kabhu Naya,*
*Shravanadi Shuddha Chitte, Koraye Udaya.*

**“"Pure love for Krishṇa is eternally established in the hearts of the living entities. It is not something to be gained from another source. When the heart is purified by hearing and chanting, this love naturally awakens.” – CC Madhya 22.107 - http://caitanyacaritamrta.com/madhya/22/107/en ]**

**The people who are totally devoid of material hankerings and who are always satisfied in the self are called as “Atmarama” – meaning “One who enjoys within himself” and Shukadeva Gosvami is in that category of the living entities. Because the ‘Atmarama’ person has no attraction towards anything material when that person hears about Krishna and the transcendental topics as stated in the scriptures they automatically get unflinching attraction towards it.**

**This is confirmed in Srimad-Bhagavatam where-in it is stated that:**

[ *Atmatamashcha Munayah Nigrathapi Urukrame*
*Kurvanti Ahaituki Bhaktim Ittham Bhuta Guno Hari*

**“All different varieties of atmaramas [those who take pleasure in atma, or spirit self], especially those established on the path of self-realization, though freed from all kinds of material bondage, desire to render unalloyed devotional service unto the Personality of Godhead. This means that the Lord possesses transcendental qualities and therefore can attract everyone, including liberated souls.” – SB 1.7.10 - http://srimadbhagavatam.com/1/7/10/en ]**

**So, now the question comes that unless we are on the ‘Atmarama’ stage how do we know for sure that what is said in the scriptures is true or not?**

**For this one requires to have the faith in Scriptures to be transcendental to the modes of material nature. If one does not have this faith in scriptures and thinks that the scripture is just some mundane creation then that person cannot develop interest in hearing and chanting about the Lord’s name and pastimes, because of the preconceived notions.**

**This is the trap of the material energy (Maya-shakti) of the Lord and unless we surrender unto Krishna with full faith (by chanting His Holy name) we cannot surpass this trap of Maya which equates the mundane creations of mundane authors to the Scriptures which are purely spiritual and transcendental. Hence it is stated in Bhagavad-Gita:**

*[ Daivi Hy Esha Guna Mayi Mama Maya Duratyaya*
*Mam Eva Ye Prapadyante Mayam Etam Taranti Te*

**“This divine energy of Mine, consisting of the three modes of material nature, is difficult to overcome. But those who have surrendered unto Me can easily cross beyond it.” – BG 7:14 - http://www.asitis.com/7/14.html ]**



# പള്ളിക്കെട്ട് ശബരിമലയ്ക്ക് ...

**സമ്പാദനം / ക്രോഡീകരണം: വള്ളുവനാടൻ (Valluvanadan)**

ശരണഗീതികളുടെ ദിവ്യമന്ത്രവും മുഴക്കി, മനസ്സിൽ ധർമശാസ്താവിനെ മാത്രം പ്രതിഷ്ഠിച്ച്, ശിരസ്സിൽ പാപഭാരങ്ങളുടെ ഇരുമുടിക്കെട്ടേന്തി കരിമല കയറാനെത്തുന്ന അയ്യപ്പന്മാരേയും മാളികപ്പുറങ്ങളേയും കാത്തിരിയ്ക്കുന്ന പുണ്യ ദേവസ്ഥാനങ്ങളിലൂടെ...

## വൃശ്ചിക വ്രതം എന്ന മണ്ഡല വ്രതം

സനാതന ധർമ്മത്തിന്റെ ആചരണമാണ് വൃശ്ചിക വ്രതം. വൃശ്ചികം ഒന്നു മുതൽ 41 വരെയുള്ള മണ്ഡല കാലത്താണ് ഇതാചരിയ്ക്കുന്നത്. അതുകൊണ്ട് ഇത് മണ്ഡലവ്രതമെന്നും അറിയപ്പെടുന്നു. ശബരിമല തീർത്ഥാടനത്തിനുള്ള വ്രതാനുഷ്ഠാനങ്ങളാണ് വൃശ്ചിക മണ്ഡല വ്രതമായി പുകൾപെറ്റത്. ജ്ഞാനികൾക്ക് മാത്രം സാദ്ധ്യമായ സമഭാവനയും സമത്വഭാവനയും ജീവിതത്തിൽ പകർത്താനുള്ള യത്നമാണ് വൃശ്ചിക വ്രതക്കാലത്ത് നടത്തുന്നത്.

സർവ ചരാചരങ്ങളിലും ഈശ്വരനെ ദർശിയ്ക്കുന്ന ഭാരതീയമായ സംസ്കാരം ഉൾക്കൊള്ളാനും അതിനുള്ള ആചാരങ്ങൾ അനുവർത്തിയ്ക്കാനും ഉണ്ടാക്കിയ ശാസ്ത്രീയമായ ഒരു അനുഷ്ഠാനമാണിത്.

പുരുഷാർത്ഥങ്ങൾ നേടാനും ശ്രേയസ്സും പ്രേയസ്സും കൈവരിയ്ക്കാനും മണ്ഡല വ്രതാനുഷ്ഠാനത്തിലൂടെ കഴിയും. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് ശരീരശുദ്ധി വരുത്തി ക്ഷേത്രദർശനം നടത്തുന്നു. ആഹാരത്തിന് നിയന്ത്രണം വരുത്തുന്നു. ഈശ്വരീയമായ ജീവിതവൃത്തികളാണ് പാലിയ്ക്കേണ്ടത്.

ഇന്ദ്രിയ ഗോചരമല്ലാത്ത സംസ്കാരം ഉൾക്കൊള്ളാനായി മനസ്സിലാക്കാനായി പ്രതീകങ്ങളെ ആശ്രയിയ്ക്കുക പതിവുണ്ട്. അതുകൊണ്ടാണ് വിഗ്രഹാരാധനയും വസ്ത്രധാരണത്തിലുള്ള മാറ്റവും മാലാധരണവുമെല്ലാം.

അനന്തതയുടെ നിറമാണ് നീല. ഒരർത്ഥത്തിൽ ഈശ്വരന്റെ നിറവും. അതുകൊണ്ടാണ് ശബരിമല വ്രതാനുഷ്ഠാന കാലത്ത് നീല വസ്ത്രം ധരിയ്ക്കുന്നത്.
സകല വസ്തുക്കളിലും ഈശ്വരനെ ദർശിയ്ക്കുന്നതു കൊണ്ട് ഭക്തനും ഈശ്വരനും ഒന്നായി മാറുന്നു. അതുകൊണ്ടാണ് ഒരു തീർത്ഥാടകൻ മറ്റൊരു തീർത്ഥാടകനെ അയ്യപ്പനെന്നും സ്വാമിയെന്നും വിളിയ്ക്കുന്നത്.

## ഇനി ശരണം വിളിയുടെ നാളുകൾ

ശബരിമലയിൽ തങ്ക സൂര്യോദയം! അന്നാണ് വൃശ്ചികം പിറക്കുന്നത്. അതോടെ 41 ദിവസത്തെ വ്രതകാലം- മണ്ഡലകാലം- തുടങ്ങുകയായി. വ്രതശുദ്ധിയോടെ ശബരിമല സന്നിധാനത്തിലെത്താൻ കോടിക്കണക്കിന് ഭക്തർ തയ്യാറെടുക്കുകയായി. കേരളം ഇന്ത്യയിലെ ഭക്തകോടികളുടെ പുണ്യ പാപച്ചുമടുകളുടെ അത്താണിയാവുന്ന കാലം. ഇനി കേരളമെങ്ങും അലയടിയ്ക്കുന്നത് ശരണമന്ത്രം മാത്രം

വൃശ്ചികം ഒന്നുമുതൽ ധനു 11 വരെയുള്ള 41 ദിവസങ്ങളാണ് മണ്ഡലകാലം. സൂര്യൻ തുലാം രാശി വിട്ട് ഒരു മാസത്തേയ്ക്കു വൃശ്ചികം രാശിയിൽ നിലയുറപ്പിയ്ക്കുന്നു.

ശരണഗീതികളുടെ ദിവ്യമന്ത്രവും മുഴക്കി, മനസ്സിൽ ധർമ്മശസ്താവിനെ മാത്രം പ്രതിഷ്ഠിച്ച്, ശിരസ്സിൽ പാപഭാരങ്ങളുടെ ഇരുമുടിക്കെട്ടേന്തി കരിമല കയറാനെത്തുന്ന അയ്യപ്പന്മാരെയും മാളികപ്പുറങ്ങളെയും കാത്തിരിയ്ക്കുകയാണ് ശബരിമല. ശബരിമലയിലേയ്ക്ക് ഭക്തജന പ്രവാഹം തുടങ്ങിക്കഴിഞ്ഞു. തിങ്കളാഴ്ചത്തെ ഹർത്താലിൽ നിന്ന് അയ്യപ്പന്മാരെ ഒഴിവാക്കിയിട്ടുണ്ട്. വൃശ്ചിക പിറവി നാളിൽ ശബരിമല ധർമശാസ്താക്ഷേത്രത്തിൽ വിശേഷാൽ അഷ്ടാഭിഷേകവും അഷ്ടദ്രവ്യഗണപതി ഹോമവും നടക്കും.

എരുമേലിയിലേയ്ക്ക് ഭക്തജനങ്ങൾ എത്തിത്തുടങ്ങി. പേട്ട കൊച്ചമ്പലത്തിലും അഷ്ടാഭിഷേകവും ഗണപതി ഹോമവും നടക്കും. അയ്യപ്പഭക്തരെ വരവേൽക്കാൻ ഇടത്താവളങ്ങളായ വൈക്കം, ഏറ്റുമാനൂർ, കടപ്പാട്ടൂർ, എരുമേലി ക്ഷേത്രങ്ങളൊക്കെ ഒരുങ്ങിക്കഴിഞ്ഞു.

കേരളത്തിലുടനീളം അയ്യപ്പക്ഷേത്രങ്ങളിൽ മണ്ഡലകാലം വിശേഷാൽ പരിപാടികളോടെ ആചരിയ്ക്കുന്നു. മറ്റു പല ക്ഷേത്രങ്ങളിലും മണ്ഡലച്ചിറപ്പ് ഭക്ത്യാദരപൂർവം കൊണ്ടാടുന്നു

## എരുമേലി പേട്ട തുള്ളൽ

എരുമേലിയിലെ തീർത്ഥാടകർ സന്ദർശിയ്ക്കുന്ന മൂന്ന് പവിത്ര സ്ഥാനങ്ങളുണ്ട് - ധർമ്മശാസ്താ ക്ഷേത്രങ്ങളായ കൊച്ചമ്പലവും വലിയമ്പലവും വാവരുടെ പള്ളിയും. എരുമേലിയിലെ അനുഷ്ഠാന നൃത്തമാണ് പേട്ട തുള്ളൽ. പുരാണപരമായ വീക്ഷണത്തിൽ, ഭയങ്കരിയായ മഹിഷിയെ അയ്യപ്പൻ വധിച്ചതറിഞ്ഞ് ജനങ്ങൾ നടത്തിയ ആനന്ദനൃത്തത്തിന്റെ പുനരാവിഷ്കാരമാണ് പേട്ട തുള്ളൽ. എരുമേലി എന്ന പേര് 'എരുമകൊല്ലി' എന്ന് ലോപിച്ചുണ്ടായതാണെന്ന് ഒരു അഭിപ്രായമുണ്ട്.

അയ്യപ്പൻ പാട്ടുകളിലെ കഥകൾ പ്രകാരം ഉദയനൻ എന്ന കൊള്ളക്കാരനായ നാടുവാഴിൽ നിന്ന് ശബരിമല ക്ഷേത്രം മോചിപ്പിയ്ക്കാൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ ധാർമ്മിക യുദ്ധത്തിന് യോദ്ധാക്കൾക്ക് നൽകിയ ആദ്ധ്യാത്മിക പരിശീലനത്തിന്റെ ഭാഗമാണ് പേട്ട തുള്ളൽ.യോദ്ധാക്കൾ എല്ലാവരും കറുപ്പോ നീലയോ വസ്ത്രങ്ങൾ ധരിച്ച്, മുഖത്ത് ചായങ്ങൾ തേച്ച്, 'അയ്യപ്പതിന്തകത്തോം, സ്വാമിതിന്തകത്തോം,' എന്ന് ഉറക്കെ വിളിച്ചുകൊണ്ട് ആനന്ദനൃത്തം ചെയ്യുന്നു.പാരമ്പര്യം അനുസരിച്ച് ഒരു സംഘത്തിന്റെ പേട്ടതുള്ളലിന് ഒരുക്കച്ചുമതല രണ്ടാം പ്രാവശ്യം തീർത്ഥാടനം നടത്തുവന്നവർക്കാണ്.

രണ്ടാം തവണ പോകുന്ന ആൾ 'രണ്ടാം കന്നി' എന്നും 3ാം തവണക്കാരൻ 'മുതൽപ്പേർ' എന്നും 4ാം പ്രാവശ്യം പോകുന്ന ആൾ 'ഭരിപ്പു' എന്നും അറിയപ്പെടുന്നു.5ാം തവണ മുതൽ തീർത്ഥാടകൻ 'പഴമ' എന്ന സ്ഥാനം നേടുന്നു. ഇവരെ ഗുരുസ്വാമി എന്നും പറയാറുണ്ട്. പേട്ടതുള്ളൽ സമയത്ത് കന്നി അയ്യപ്പൻ ഒരു അമ്പ് ധരിയ്ക്കുന്ന ചടങ്ങ് ഉണ്ട്.

പേട്ടതുള്ളൽ തുടങ്ങുന്നതിനുമുമ്പ് തീർത്ഥാടകർ എരുമേലി അങ്ങാടിയിൽ പോയി ഈ അനുഷ്ഠാന നൃത്തത്തോട് അനുബന്ധിച്ച് ആവശ്യമായ ചെറിയ അമ്പുകളും ധാന്യങ്ങളും പച്ചക്കറികളും വാങ്ങുന്നു. ഓരോ സംഘത്തിന്റെയും ഈ വക സാധനങ്ങളെല്ലാം ഒരു കമ്പളിപ്പുതപ്പിൽ കെട്ടിയ ശേഷം നീണ്ട വടിയിൽ തൂക്കിയിട്ട് രണ്ട് പേർ അതിന്റെ രണ്ടറ്റവും തോളിൽ താങ്ങി സംഘത്തോടൊപ്പം നീങ്ങുന്നു. മുഖത്തും ശരീരത്തിലും വർണ്ണങ്ങൾ തേച്ച് തീർത്ഥാടകർ കൊച്ചമ്പലത്തിലേയ്ക്ക് ആദ്യം പോകുന്നു. പ്രാർത്ഥനയ്ക്ക് ശേഷം അവിടെ നിന്നാണ് പേട്ട തുള്ളൽ തുടങ്ങുന്നത്. വാദ്യ സംഗീതത്തോടൊപ്പം 'അയ്യപ്പ തിന്തകത്തോം, സ്വാമിതിന്തകത്തോം' എന്ന മന്ത്രോച്ചാരണത്തോടു കൂടി, നൃത്തം വച്ച് നീങ്ങുന്നു. പലരും പച്ചിലക്കൊമ്പുകൾ പിടിച്ചിരിയ്ക്കും.

## മതസൗഹാർദത്തിന്റെ വാവരുപള്ളി

നൃത്തം വച്ച് നീങ്ങുന്ന തീർത്ഥാടകർ ആദ്യം വാവരു പള്ളിയിൽ പ്രവേശിച്ച് പ്രദക്ഷിണം വച്ച് കാണിയ്ക്കയിട്ട് മുസ്ലിം പുരോഹിതനിൽ നിന്ന് ഭസ്മം പ്രസാദമായി വാങ്ങുന്നു. പള്ളിയിൽ നിന്ന് പുറത്തു വരുന്ന തീർത്ഥാടകർ ഏതാണ്ട് ഒരു കിലോമീറ്റർ അകലെ നദീതീരത്തുള്ള വലിയമ്പലത്തിലേയ്ക്ക് നൃത്തം വച്ച് നീങ്ങുന്നു.

വലിയമ്പലത്തിലെത്തുന്ന തീർത്ഥാടകർ കൈയ്യിലുള്ള മരച്ചില്ലകൾ അമ്പലത്തിന്റെ മേൽക്കൂരയിലേയ്ക്ക് എറിയും. അമ്പലത്തിൽ കയറി തൊഴുത് വലം വച്ച് അമ്പലത്തിന്റെമുന്നിൽ കർപ്പൂരം കത്തിച്ച് പേട്ട തുള്ളൽ അവസാനിപ്പിയ്ക്കുന്നു.

2 പ്രധാന സംഘങ്ങളായ അമ്പലപ്പുഴക്കാരുടെയും ആലങ്ങാട്ട്കാരുടെയും പേട്ടതുള്ളൽ പാരമ്പര്യം അനുസരിച്ച് നടക്കുന്നത് ധനു 27നാണ്. ഉദയനന് എതിരായുള്ള യുദ്ധത്തിൽ, അമ്പലപ്പുഴയിൽ നിന്നും കൊടുങ്ങല്ലൂരിന് അടുത്തുള്ള ആലങ്ങാട്ടിൽനിന്നും ഉണ്ടായിരുന്ന അയ്യപ്പന്റെ യോദ്ധാക്കളെ അനുസ്മരിപ്പിയ്ക്കുന്നതാണ് പേട്ടതുള്ളൽ.

അമ്പലപ്പുഴ സംഘത്തിന്റെ പേട്ടതുള്ളൽ നടക്കുന്നത് ഉച്ചയ്ക്ക് മുമ്പാണ്. നെറ്റിപ്പട്ടം കെട്ടിയ ആനകളും വാദ്യങ്ങളുമായി അവർ കൊച്ചമ്പലത്തിന്റെ മുമ്പാകെ സമ്മേളിയ്ക്കുന്നു. എന്നാൽ കൊച്ചമ്പലത്തിനു മുകളിൽ കൃഷ്ണപ്പരുന്ത് പ്രത്യക്ഷപ്പെട്ട് വട്ടം ചുറ്റുന്നത് കണ്ടതിനുശേഷം മാത്രമേ അവരുടെ പേട്ട തുള്ളൽ തുടങ്ങൂ. എല്ലാ വർഷവും അമ്പലപ്പുഴ സംഘം എല്ലാ സന്നാഹങ്ങളോടും കൂടി കൊച്ചമ്പലത്തിന്റെ മുമ്പാകെ കാത്തു നിൽക്കുകയും അമ്പലത്തിന്റെ മുകളിൽ കൃഷ്ണപ്പരുന്ത് എത്തി വട്ടം ചുറ്റയതിനുശേഷം മാത്രം പേട്ട തുള്ളൽ ആരംഭിയ്ക്കുകയും ചെയ്യുന്നു.

ഉച്ചയ്ക്കു ശേഷമാണ് ആലങ്ങാട്ടുകാരുടെ പേട്ട തുള്ളൽ. അപ്പോൾ പകൽ വെളിച്ചത്തിൽ നക്ഷത്രം തെളിയും.

## കല്ലും മുള്ളും കാലുക്കു മെത്ത !

തീർത്ഥാടനത്തിന്റെ ആദ്യ ഘട്ടമായ മണ്ഡലക്കാലത്ത് (വൃശ്ചികം 1 മുതൽ ധനു 11 വരെ) വനപാതയിലൂടെ പോകുന്ന തീർത്ഥാടകർ കുറവാണ്. മകരം 1 മുതൽ തുടങ്ങുന്ന മകരവിളക്കു കാലത്ത് ലക്ഷക്കണക്കിനു ജനങ്ങൾ ഈ പാതയിലൂടെ തീർത്ഥാടനം നടത്തുന്നു. എരുമേലി കഴിഞ്ഞ് ഇരുമ്പുന്നിക്കരയിൽ നിന്ന് തീർത്ഥാടകർ കാട്ടിലേയ്ക്ക് കടക്കുന്നു.

ശ്രീ അയ്യപ്പന്റെ പൂങ്കാവനമെന്നറിയപ്പെടുന്ന പുണ്യഭൂമിയിലൂടെ നഗ്നപാദരായാണ് തീർത്ഥാടനം. വനത്തിനുള്ളിൽ പ്രവേശിച്ച് 2 മൈലോളം നടന്നു കഴിയുമ്പോൾ അരശുമുടിക്കോട്ട എന്ന സ്ഥലത്തെത്തുന്നു. അയ്യപ്പനും സൈന്യങ്ങളും വിശ്രമിച്ച സ്ഥലമാണ് ഇതെന്നാണ് വിശ്വാസം. വനപാലകരായ ദേവന്മാരെയാണ് ഇവിടെ ആരാധിയ്ക്കുന്നത്.

## ഇടത്താവളമായി കാളകെട്ടി

എരുമേലിയിൽ നിന്ന് 11കിലോമീറ്ററോളം നടന്നു കഴിയുമ്പോൾ പ്രധാന തീർത്ഥാടന കേന്ദ്രമായ കാളകെട്ടിയിൽ എത്തുന്നു. അവിടേയ്ക്കുള്ള യാത്രയിൽ രണ്ടു കയറ്റങ്ങളുണ്ട്. മഹിഷിയുടെ വധത്തിനുശേഷം അയ്യപ്പൻ നടത്തിയ വിജയനൃത്തം കാണാൻ വന്ന ശിവൻ വാഹനമായ കാളയെ ആഞ്ഞിലി മരത്തിൽ കെട്ടിയതിനാലാണ് ഇവിടം കാളകെട്ടി എന്നറിയപ്പെടുന്നത് എന്നാണ് വിശ്വാസം.

## അഴുതയിൽ പ്രാണന് പുണ്യാഹം

കാളകെട്ടിയിൽ നിന്ന് രണ്ടര കിലോമീറ്റർ അകലെ അഴുത. അഴുതയുടെ തീരത്ത് ഒരു ചെറിയ ക്ഷേത്രസമുച്ചയമുണ്ട്. തീർത്ഥാടകർ ഇവിടെ നടത്തുന്ന ആഴി പൂജ പ്രധാനമാണ്. തീർത്ഥാടനത്തിന്റെ

ഭാഗമാണ് അഴുതാ നദിയിലെ പുണ്യസ്നാനം. നദിയിൽ മുങ്ങി കല്ലെടുത്ത് കല്ലിടും കുന്നിൽ ഇടുന്നത് തീർത്ഥാടനത്തിലെ അനുഷ്ഠാനമാണ്. സ്നാനത്തിനുശേഷം നദി കുറുകെ കടന്ന് തീർത്ഥാടകർ അക്കരെ കയറുന്നു. പിന്നെ മൂന്നു കിലോമീറ്ററോളം നടന്നാൽ അഴുതമേട് എന്നറിയപ്പെടുന്ന മല. ഇത് ശബരിമല തീർത്ഥയാത്രയിലെ മൂന്നു പർവ്വതങ്ങളിൽ ഒന്നാണ്.

# കല്ലിടും കുന്ന്

അഴുതമേട് കയറ്റം അവസാനിയ്ക്കുന്നത് കല്ലിടും കുന്നിലാണ്. അഴുതാ നദിയിൽ നിന്ന് എടുത്ത കല്ല് തീർത്ഥാടകർ ഭക്തിപൂർവ്വം കല്ലിടും കുന്നിൽ നിക്ഷേപിച്ച് കർപ്പൂരദീപം കത്തിയ്ക്കുന്നു.

## ഇഞ്ചിപ്പാറക്കോട്ട

കല്ലിടും കുന്നിൽ നിന്ന് ഏറെക്കുറെ ഒരു സമതല പ്രദേശത്തുകൂടി അല്പദൂരം നടക്കുമ്പോൾ ഇഞ്ചിപ്പാറക്കോട്ടയിൽ എത്തുന്നു. ഇവിടെയായിരുന്നു ഉദയനന്റെ പ്രധാനകോട്ട സ്ഥിതി ചെയ്തിരുന്നത്.

## മുക്കുഴിയും കടന്ന് ..

ഇഞ്ചിപ്പാറക്കോട്ടയിൽ നിന്ന് താഴേയ്ക്ക് മലഞ്ചെരിവിലൂടെയുള്ള ഒരു വലിയ ഇറക്കമാണ്. അത് അവസാനിയ്ക്കുന്നത് മുക്കുഴി എന്ന താഴ്‌വരയിലാണ്. ഇവിടെ ദേവീക്ഷേത്രവും ഗണപതിക്ഷേത്രവും ഉണ്ട്.

# കരിമല കയറ്റം കഠിനമെന്റയ്യപ്പ !

മുക്കുഴിയിൽ നിന്ന് നിബിഡവനങ്ങളിലൂടെ പതിനൊന്നു കിലോമീറ്റർ യാത്ര ചെയ്ത് കരിമലയുടെ താഴ്‌വരയിലെത്താം. ഏഴു തട്ടുകളിലായിട്ടാണ് കരിമല. കരിമലയിൽ കൊള്ളക്കാരനായ ഉദയനന്റെ ആസ്ഥാനമായിരുന്ന പ്രധാന കോട്ട ഉണ്ടായിരുന്നുവെന്ന് അയ്യപ്പൻ പാട്ടുകളിൽ പറയുന്നു. വനദുർഗ്ഗ, കരിമല നാഥൻ, കൊച്ചു കടുത്ത എന്നീ ദേവകളെ ആരാധിയ്ക്കുന്ന സ്ഥാനങ്ങൾ കരിമലയുടെ മുകളിലുണ്ട്.

## വലിയാനത്താവളവും ചെറിയാനത്താവളവും

കരിമലയിറക്കത്തിന്റെ അവസാനത്തിൽ തീർത്ഥാടകർ വലിയാനത്താവളത്തിൽ എത്തുന്നു. പന്തളത്ത് നിന്ന് തിരുവാഭരണം കൊണ്ടുവരുമ്പോൾ അത് കുറച്ചു സമയം വയ്ക്കുവാനുള്ള പീഠം ഇവിടെ ഉണ്ട്. പമ്പയുടെ കൈവഴിയുടെ തീരത്താണ് വലിയാനത്താവളം. വലിയാനത്താവളത്തിൽ നിന്നും അല്പം കൂടി നടക്കുമ്പോൾ തീർത്ഥാടകർ ചെറിയാനത്താവളത്തിൽ എത്തുന്നു.

## പാപനാശിനി പമ്പ

''**പമ്പാ സരസ്തടം ലോകമനോഹരം**'' എന്ന് എഴുത്തച്ഛൻ പമ്പാതീരത്തെ വർണ്ണിയ്ക്കുന്നു. രാമായണവുമായി ബന്ധപ്പെട്ട പല പുണ്യസ്ഥലങ്ങളും പമ്പയ്ക്കു ചുറ്റുമുണ്ട്. നദിയുടെ അര മൈൽ മുകളിലാണ് കല്ലാറും കക്കാട്ടാറും പമ്പയുമായി ചേരുന്ന ത്രിവേണി സംഗമം. ഇവിടെ ഒരു പാറയിൽ മനുഷ്യപാദത്തെ അനുസ്മരിപ്പിയ്ക്കുന്ന അടയാളം പതിഞ്ഞിരിയ്ക്കുന്നു. 'രാമപാദം' എന്ന് അറിയപ്പെടുന്ന ഇത് ശ്രീരാമന്റെ പാദമുദ്രയാണെന്ന് വിശ്വസിയ്ക്കുന്നു.

തീർത്ഥാടക സംഘങ്ങൾക്ക് പമ്പാസദ്യ പ്രധാന അനുഷ്ഠാനമാണ്. ശബരിമലയുടെ വിമോചനത്തിനുശേഷം അയ്യപ്പൻ തന്റെ സൈന്യങ്ങൾക്കായി പമ്പാതീരത്ത് ഒരുക്കിയ വിഭവസമൃദ്ധമായ സദ്യയെ ഇത് അനുസ്മരിപ്പിയ്ക്കുന്നു. മകരസംക്രമ പൂജയ്ക്ക് ഒരുദിവസം മുമ്പ് പമ്പാ തീരത്ത് പമ്പാവിളക്ക് എന്ന ദിപോത്സവം നടക്കുന്നു.ഉദയനനെ കീഴടക്കിയശേഷം പമ്പാതീരത്തു നടത്തിയ വിജയാഘോഷത്തെയാണ് ഇത് അനുസ്മരിപ്പിയ്ക്കുന്നത്. വാഴപ്പോളയും കമുകിൻപോളയും മറ്റും കൊണ്ടുണ്ടാക്കിയ ചെറിയ ഓടങ്ങളിൽ എണ്ണ വിളക്കുകൾ ഉറപ്പിച്ച് ഒഴുക്കിവിടുന്നു.

പമ്പയിലൂടെ ഒഴുകിപ്പോകുന്ന ആയിരക്കണക്കിനുള്ള ദീപങ്ങൾ മനോഹരമായ ദൃശ്യമാണ്.

## നീലിമല കടന്നാൽ സ്വാമിയെ കാണാം

നീലിമലയിലേയ്ക്കുള്ള കയറ്റമാണ് ഇനിയുള്ളത്. പമ്പാതീരത്തു നിന്ന് പമ്പാഗണപതി ക്ഷേത്രത്തിലേയ്ക്കുള്ള പടികളാണ് ആദ്യം കയറേണ്ടത്. ഗണപതിക്ഷേത്രം നിൽക്കുന്ന സ്ഥലം ക്ഷേത്രസമുച്ചയമാണ്.

നീലിമല കയറ്റം ആരംഭിയ്ക്കുന്നതിനുമുമ്പ് പന്തളം രാജാവിന്റെ പ്രതിനിധിയുടെ ആസ്ഥാനമുണ്ട്. അവിടെ നിന്ന് പ്രസാദമായി ഭസ്മം ലഭിയ്ക്കുന്നു.

പമ്പയിൽ നിന്ന് ശബരിമലയിലേയ്ക്കുള്ള ദൂരം 5 മൈലാണ് (7കിലോമീറ്റർ). പടികളുള്ള പ്രധാന പാരമ്പര്യപ്പാതയ്ക്കു പുറമെ വലതുവശത്തായി 'ശ്രീ അയ്യപ്പൻ റോഡ്' എന്നു പേരുള്ള പടികൾ കെട്ടിയിട്ടില്ലാത്ത പാതയുണ്ട്. ഈ രണ്ടു മാർഗ്ഗങ്ങളും ശരംകുത്തിയാലിന്റെ സമീപത്ത് സമ്മേളിയ്ക്കുന്നു.ഇവിടെ നിന്ന് ശരം കുത്തിയാലിന് അരികിലൂടെയാണ് പ്രധാന മാർഗ്ഗം. ചന്ദ്രാനന്ദൻ റോഡ് എന്ന് മറ്റൊരു മാർഗ്ഗവും ഇവിടെ നിന്ന് സന്നിധാനത്തിലേയ്ക്കുണ്ട്. നീലിമല കയറ്റം ദുഷ്കരമായവർക്ക് 4 പേർ വഹിയ്ക്കുന്ന ഡോളികൾ ലഭ്യമാണ്.

## പതിനെട്ടാം പടിയോളം...

വൃശ്ചിക പൂംപുലരി വ്രത ശുദ്ധി തരും പുലരി. വൃശ്ചിക മാസത്തിന്റെ ആദ്യപുലരിയിൽ വ്രതം ആരംഭിയ്ക്കുന്നു. വ്രതം അനുഷ്ഠിയ്ക്കുമ്പോൾ ഭക്തർ അയ്യപ്പമുദ്രയുള്ള മാല കഴുത്തിലണിയും. ഈ മാല ക്ഷേത്രസന്നിധിയിലോ ഗുരുസ്വാമിയുടെ മുന്നിലോ പൂജിച്ചാണ് ധരിയ്ക്കാറ്. മാലയിടുന്നതോടെ വ്രതം ആരംഭിയ്ക്കയായി.
പതിനെട്ടാംപടി ചവിട്ടുന്നതിനു വ്രതനിഷ്ഠയിലും ഇത്രയും പടികൾ താണ്ടണമെന്നു വിശ്വാസം. പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, ചെവി, നാക്ക്, മൂക്ക്, ത്വക്ക്, അഷ്ടരാഗങ്ങളിൽ പെട്ട കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, അഹങ്കാരം, അസൂയ, ത്രിഗുണങ്ങളായ സാത്വികം, രാജസ്വം, തമസ്വം തുടർന്നു വിദ്യ, അവിദ്യ എന്നിവയാണു മണ്ഡല വ്രതവേളയിൽ താണ്ടേണ്ട 18 പടികൾ. കടുത്ത വ്രതമനുഷ്ഠിച്ചാലേ ഇതിനു കഴിയൂ.

മണ്ഡലകാലം മുഴുവനും ബ്രഹ്മചര്യം അനുഷ്ഠിയ്ക്കണം. ദിവസവും രാവിലെയും വൈകിട്ടും കുളി നിർബന്ധം. സുഗന്ധവസ്തുക്കൾ, വാസന സോപ്പ്, പൗഡർ, ഹെയർ ഓയിൽ തുടങ്ങിയവ ഒഴിവാക്കുന്നത് നന്ന്. ശരീരശുദ്ധിയ്ക്കു പുറമേ മാനസിക ശുദ്ധിയും അനിവാര്യം. സ്വാമിഭക്തർ എല്ലാ ദിവസവും ക്ഷേത്രദർശനം നടത്തണം.

കറുപ്പോ കാവിയോ നിറത്തിലുള്ള വസ്ത്രങ്ങളാണു വ്രതകാലയളവിൽ ഉചിതം. വ്രതം അനുഷ്ഠിയ്ക്കുമ്പോൾ സസ്യാഹാരം, പഴവർഗ്ഗങ്ങൾ എന്നിവ മാത്രമേ കഴിയ്ക്കാവൂ. യാതൊരു ജീവിയേയും കൊല്ലരുത്, കള്ളം പറയരുത്, മാതാപിതാക്കൾ, ഗുരുക്കന്മാർ, തന്നേക്കാൾ മുതിർന്നവർ ഇവരോടൊക്കെ വിനയപൂർവ്വം പെരുമാറണം. സർവ്വ ചരാചരങ്ങളും 'സ്വാമി'യെന്നു സങ്കൽപിയ്ക്കണം.ത്യാഗം സഹിയ്ക്കാൻ കരുത്തു നേടണം. അന്യന്റെ വസ്തുക്കൾ മോഷ്ടിയ്ക്കരുത്. കള്ളസാക്ഷി പറയരുത്. ലഹരിപദാർത്ഥങ്ങൾ ഉപയോഗിയ്ക്കരുത്, കോപിയ്ക്കരുത്. അയ്യപ്പധ്യാനം എപ്പോഴും മനസ്സിലുണ്ടാവണം. അന്നദാനം നല്ലത്. നഗ്നപാദരായി സഞ്ചരിയ്ക്കുന്നത് ഉത്തമം. വീടുകളിൽ ആഴിപൂജ, ഭജന നടത്തുന്നതും പതിവാണ്.

മരണവീടുകളിൽ പോകേണ്ടി വന്നാൽ കുളി കഴിഞ്ഞേ വീട്ടിൽ കയറാവൂ. പ്രസവം നടന്ന വീടുകളിൽ പോകുന്നതും ഒഴിവാക്കുന്നതാണ് ഉചിതം. പ്രസവം നടന്ന വീടുകളിൽ നിന്നു ഭക്ഷണം കഴിയ്ക്കാൻ പാടില്ല. മത്സ്യമാംസാദികൾ
കഴിയ്ക്കരുത്. ക്ഷൗരം പാടില്ല. വിശ്രമവേളകളിൽ പുണ്യകഥകൾ വായിയ്ക്കുക. ശരണം വിളിയ്ക്കാതെ അന്യ

വീടുകളിൽ പ്രവേശിയ്ക്കരുത്. എല്ലാവരെയും സ്വാമിയെന്നു വിളിയ്ക്കുക. ശബരിമലദർശനം കഴിഞ്ഞ് വീട്ടിൽ കത്തിച്ച നിലവിളക്കിനു മുമ്പിൽ നാളികേരം ഉടച്ച് ശരണം വിളിയോടെയാണു മാല ഊരേണ്ടത്. തൊട്ടടുത്ത ക്ഷേത്രസന്നിധിയിലും ദർശനം നടത്തി മാല ഊരി വ്രതം അവസാനിപ്പിയ്ക്കാം.

## മാലയുമിട്ട് കറുപ്പുമുടുത്ത്

മാലയിടുന്നത് ഏതെങ്കിലും ക്ഷേത്രസന്നിധാനത്തിൽ വെച്ചാകുന്നത് നന്ന്. ഭഗവാന്റെ മുദ്ര(മാല) ധരിയ്ക്കുന്നതിന് ഏതു ദിവസവും കൊള്ളാമെങ്കിലും ശനിയാഴ്ചയോ ഉത്രം നക്ഷത്രമോ ആണ് ഫലപ്രദം. മാല ധരിയ്ക്കുമ്പോൾ ''മനസ്സാ വാചാ കർമ്മണാ ചെയ്തുപോയിട്ടുള്ള സകലപിഴകളും പൊറുത്ത് സ്വാമിയുടെ അനുഗ്രഹമുണ്ടായി മല ചവിട്ടി പതിനെട്ടാം പടി കയറി തൃപ്പാദം കണ്ടു വന്ദിച്ച് ദർശനഫലം ലഭിച്ച് സസുഖം എത്തുവാൻ അനുഗ്രഹിയ്ക്കേണമേ'' എന്നു ധ്യാനിയ്ക്കണം.മാല പലതുണ്ടെങ്കിലും രുദ്രാക്ഷമാല, തുളസിമാല ഇവ ഏറ്റവും വിശേഷം. മാല ഇട്ടു കഴിഞ്ഞാൽ അയാളെ മറ്റുള്ളവർ ''സ്വാമി'' എന്നോ ''അയ്യപ്പൻ'' എന്നോ സ്ത്രീ ആയിരുന്നാൽ ''മാളികപ്പുറത്തമ്മ'' എന്നോ വിളിയ്ക്കും.

## ആഴിയും പടുക്കയും

ഭഗവൽപ്രസാദത്തിനായി അയ്യപ്പന്മാർ ആഴിപൂജ നടത്തും. ഇതു വീട്ടിലോ പൊതുസ്ഥലത്തോ വനയാത്രയിൽ താവളസ്ഥലത്തോ നടത്താം. ആഴി പൂജ ഏറ്റവും പ്രധാനമാണ്. അഗ്നിയാകട്ടെ ഭഗവാന്റെ തിരുമുഖമാകുന്നു. അതിനാൽ ആഴിയെ പൂജിയ്ക്കുന്നത് ഭഗവാനെ പൂജിയ്ക്കുന്നതു തന്നെയാണ്.

## പള്ളിക്കെട്ട് - കെട്ടുമുറുക്ക്

ശബരിമലയാത്രയിലെ പ്രധാനാംശമാണ് കെട്ടുമുറുക്ക്. ഇതിനുപയോഗിയ്ക്കുന്ന സഞ്ചിയാണ് 'ഇരുമുടി'. സഞ്ചിയ്ക്കു മുൻകെട്ടെന്നും പിൻകെട്ടെന്നും രണ്ടു ഭാഗങ്ങൾ. കെട്ടിന്റെ വൈചിത്ര്യം കൊണ്ട് നടുക്ക് മൂന്നാമതൊരറയും കൂടി ഉണ്ടാക്കാം. ഇതിനെ നടുക്കെട്ടെന്നു പറയുന്നു.ഒരയ്യപ്പനാവശ്യമുള്ള മിയ്ക്ക സാധനങ്ങളും ഈ ഇരുമുടിക്കെട്ടിൽ കൊള്ളിയ്ക്കാൻ കഴിയും. സ്വാമിയ്ക്ക് അഭിഷേകത്തിനുള്ള നെയ്ത്തേങ്ങ, കർപ്പൂരം, കടുത്തസ്വാമിയ്ക്കുള്ള അവിൽ, മലർ, പൊടികൾ, കാണിയ്ക്ക, വഴിപാടുസാധനങ്ങൾ, അരി ഇവയും സാധനങ്ങളും മുൻകെട്ടിൽ നിറയ്ക്കുന്നു. പിൻകെട്ടിൽ ഭക്ഷണത്തിനുള്ള ഇതരപദാർത്ഥങ്ങൾ, സ്വാമി പൂജയ്ക്കുള്ള മറ്റു സാമഗ്രികൾ ഇവയും നിറയ്ക്കുന്നു. ഇവയിൽ പ്രധാനമായവ മുദ്ര സഞ്ചികളിൽ നിറച്ചാണ് കെട്ടിൽ നിക്ഷേപിയ്ക്കുന്നത്.ഗുരുവിന്റെ ആജ്ഞാനുസരണം ലക്ഷണയുക്തമായ നാളികേരത്തിൽ സ്വാമിയ്ക്ക് അഭിഷേകത്തിനുള്ള നെയ്യ് നിറച്ച് തയ്യാറാക്കി വയ്ക്കുന്നു.

ഏറ്റവും ഭക്തിയോടുകൂടി സ്വാമിയെ സ്മരിച്ചും ശരണം വിളിച്ചുമാണ് കർമ്മം അനുഷ്ഠിയ്ക്കേണ്ടത്.സ്വാമിയെ ധ്യാനിച്ച് ഉച്ചത്തിൽ ശരണം വിളിച്ച് വെറ്റില, അടയ്ക്ക, നാണയം, ഒരു നാളികേരം ഇവ ഒരുമിച്ച് ശ്രീ പരമശിവനെ സ്മരിച്ച് ഭക്തിയോടെ മുൻകെട്ടിൽ വാരി ഇട്ടു നിറയ്ക്കുന്നു. പിന്നീട് ഭക്തിപുരസ്സരം മൂന്നുപ്രാവശ്യം കൈനിറയെ അരി മുൻകെട്ടിൽ ഇടുന്നു. സ്വാമിയുടെ മുദ്രയായ നെയ്ത്തേങ്ങ ഭദ്രമായി അതിൽ വയ്ക്കുന്നു.

## ശബരിമലയിൽ തങ്ക സൂര്യോദയം

പുരാവൃത്തങ്ങളുടെ പഴംപെരുമയിൽ പൊന്നമ്പലമേട്ടിലെ മകരസംക്രമണ സന്ധ്യയിൽ തിളങ്ങുന്ന ദിവ്യജ്യോതിസ്സു കാണുന്ന ഭക്തസഹസ്രങ്ങൾക്ക് ദർശനസായൂജ്യം. യുക്തിയെ ഭക്തി കീഴടക്കുന്ന അഭൗമ തേജസ്സിന്റെ അഗ്നിജ്വാലകളത്രെ, ധനു രാശി മകര രാശിയിലേയ്ക്ക് സംക്രമിയ്ക്കുന്ന തൃസന്ധ്യയിൽ പൊന്നമ്പലമേട്ടിൽ തെളിയുന്നത്. ഈ വിശ്വാസത്തിന്റെ ശക്തിയാണ് മകരവിളക്കാവുന്നത്.

സൂര്യൻ ധനു രാശിയിൽ നിന്ന് മകരരാശിയിലേയ്ക്ക് കടക്കുന്ന സമയമാണ് മകര സംക്രാന്തി. കേരളത്തിൽ മകരസംക്രാന്തിയോടനുബന്ധിച്ചാണ് മകരവിളക്ക് ആരംഭിയ്ക്കുന്നത്. തമിഴ് നാട്ടിൽ

മകരസംക്രാന്തിയുമായി ബന്ധപ്പെട്ടാണ് പൊങ്കൽ ഉത്സവവം നടക്കുന്നത്.

## മകര വിളക്ക്

മകരമാസം ഒന്നാം തീയ്യതിയാണ് മകരവിളക്ക് ഉത്സവം ആരംഭിയ്ക്കുക. മാളികപ്പുറത്തമ്മയെ എഴുന്നെള്ളിച്ച് പതിനെട്ടാം പടിവരെ കൊണ്ട് വരും. പിന്നീട് 'വേട്ടവിളി'യെന്ന ചടങ്ങ് നടക്കും. 'കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടോ'? എന്ന് വിളിച്ച് ചോദിയ്ക്കുന്നതാണ് വേട്ടവിളി. ഏതെങ്കിലുമൊരു വർഷം കന്നി അയ്യപ്പന്മാർ മലചവിട്ടാതെ വരികയാണെങ്കിൽ അയ്യപ്പൻ മാളികപ്പുറത്തമ്മയെ വിവാഹം കഴിയ്ക്കാമെന്ന് സത്യം ചെയ്തിട്ടുണ്ടെന്നാണ് കഥ.

'കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടോ' എന്ന മാളികപ്പുറത്തമ്മയുടെ ചോദ്യത്തിന് 'ശരം കുത്തിയിൽ പോയി നോക്കൂ' എന്ന് ഉത്തരം നൽകുന്നു. കന്നി അയ്യപ്പന്മാർ മല കയറുന്നതിന് മുമ്പ് ശരംകുത്തിയിൽ ശരം കുത്തി നിർത്തും. ആലിന്റെ അടുത്ത് ചെന്ന് മാളികപ്പുറത്തമ്മ അവിടെ കുത്തിയശരങ്ങൾ കണ്ട് വിഷാദത്തോടെ തിരികെ പോകുന്നു. അടുത്ത കൊല്ലവും ഈ ചടങ്ങ് ആവർത്തിയ്ക്കും.

## ജ്യോതി ദർശനം പുണ്യ ദർശനം

മകരവിളക്ക് ചടങ്ങുകൾ സമാപിയ്ക്കുന്ന ദിവസം വൈകുന്നേരം ആകാശത്ത് മകര ജ്യോതി തെളിയും. മകരജ്യോതി കണ്ട് വന്ദിയ്ക്കുക എന്നത് ഓരോ അയ്യപ്പഭക്തനും ജന്മസാഫല്യമാണ്. മകര ജ്യോതി ആകാശത്ത് തെളിയുമ്പോൾ കൃഷ്ണപ്പരുന്ത് വട്ടമിട്ട് പറക്കും. ജനസഹസ്രങ്ങളാണ് ജ്യോതി ദർശനത്തിനായി ശബരിമലയിലെത്തുന്നത്.

## നെയ്യഭിഷേകം സ്വാമിയ്ക്ക്

പാലഭിഷേകപ്രിയൻ, നെയ്യഭിഷേകപ്രിയൻ...ശബരിമലവാഴും കുഞ്ഞയ്യപ്പനെ വാഴ്ത്താൻ വിശേഷണങ്ങളേറെ. വഴിപാടുകളാൽ സംപ്രീതനാവുന്നവനാണ് അഭയദായകനായ മണികണ്ഠൻ. ഭസ്മാഭിഷേകവും കളഭാഭിഷേകവും മുതൽ പുഷ്പാഭിഷേകം വരെ ഇഷ്ടമുള്ളവൻ. പക്ഷെ ധനസ്ഥിതിയല്ല ഇവിടെ പ്രാർത്ഥനയാണ് ഭഗവാന് കൂടുതൽ ഇഷ്ടം. അയ്യപ്പസന്നിധിയിൽ ഭക്തരർപ്പിയ്ക്കുന്ന വിവിധ വഴിപാടുകളെക്കുറിച്ച്.

## വെടിവഴിപാട്

സ്വാമിയെ ഉദ്ദേശിച്ച് പതിനെട്ടാം പടിയ്ക്കലും വാവരുസ്വാമിയെ ഉദ്ദേശിച്ച് വാവരുടെ നടയിലും മാളികപ്പുറത്തു ഭഗവതിയേയും മലനടയിൽ ഭഗവതിയേയും ഉദ്ദേശിച്ച് അതാതു നടകളിലും വെടിവഴിപാടു നടത്തുന്നു. നൂറ്റൊന്നു വെടിയും കൂട്ടവെടിയും നടത്തിയ്ക്കുന്നതും അസാധാരണമല്ല. കതിനാക്കുറ്റികളാണ് ഇതിനുപയോഗിയ്ക്കുന്നത്.

## അപ്പം വഴിപാട്

പ്രസാദം എന്ന നിലയിൽ അയ്യപ്പന്മാർ അപ്പം ഭവനങ്ങളിലേയ്ക്കു കൊണ്ടുപോകുന്നു. സാക്ഷാൽ നെയ്യപ്പം എന്നു ഇതിനെയാണ് പറയേണ്ടത്.വാർപ്പുകളിൽ ആർപ്പുവിളിച്ചുകൊണ്ട് നെയ്യ് തിളച്ചുകളിയ്ക്കുന്നതും കുന്നുകുന്നായി അപ്പം വാർപ്പുകളിൽ വാർത്തുകൂട്ടിയിരിയ്ക്കുന്നതും അത്ഭുതകരമായ കാഴ്ചയാണ്.

## ശയനപ്രദക്ഷിണം

ശയനപ്രദക്ഷിണം തങ്ങൾക്കുതന്നെയോ ആൾപ്പേരു മുഖാന്തിരമോ നടത്താവുന്നതാണ്. മാളികപ്പുറത്തു നിന്നും പുറപ്പെട്ട് 18ാം പടി ചുറ്റിയും 18ാംപടിയ്ക്കകത്തു നാലമ്പലവും ശ്രീകോവിലും ചുറ്റിയും ശയനപ്രദക്ഷിണം നടത്തുന്നു.

## പടി പൂജ

പടിപൂജ പ്രധാന വഴിപാടാണ്. മുൻകാലങ്ങളിൽ പന്ത്രണ്ട് വർഷങ്ങളിൽ ഒരിയ്ക്കൽ മാത്രമാണ് പടിപൂജ

നടത്തികൊണ്ടിരുന്നത്. ഇപ്പോൾ മണ്ഡല-മകരവിളക്ക് തീർത്ഥാടന ഘട്ടം ഒഴികെ മലയാളമാസങ്ങളുടെ ആരംഭത്തിലും വിഷു, തിരുവോണം എന്നീ പുണ്യദിനങ്ങളോടനുബന്ധിച്ച് നടതുറക്കുമ്പോഴും പടി പൂജ നടത്താറുണ്ട്.അഭീഷ്ടകാര്യസിദ്ധിയ്ക്കായി അയ്യപ്പസന്നിധിയിലെ ചെലവേറിയ വഴിപാടാണ് പടി പൂജ.

പതിനെട്ടു പുരാണങ്ങളുടെ പ്രതീകമാണ് പതിനെട്ടാം പടിയെന്നും അതല്ല നാലു വേദം, ആറു ശാസ്ത്രം, ചതുരുപായങ്ങൾ, നാലു ജാതി എന്നിവയെ പ്രതിനിധാനം ചെയ്യുന്നതായും ചിലർ കരുതുന്നു. പൂങ്കാവനത്തിലെ 18 മലരുകളെ പ്രതിനിധാനം ചെയ്യുന്നതാണെന്നാണ് മറ്റൊരു സങ്കൽപം.

നിലവിളക്ക്, പുഷ്പങ്ങൾ, കർപ്പൂരം, സാമ്പ്രാണി, പൂമാലകൾ, കലശതുണികൾ, പടികളിൽ വിരിയ്ക്കാനുള്ള പട്ട്, നാളികേരങ്ങൾ എന്നിവയും പൂജാവേളയിൽ തന്ത്രി, മേൽശാന്തി, പരികർമ്മികൾ എന്നിവർക്കു ധരിയ്ക്കാനുള്ള വസ്ത്രങ്ങളുമാണ് പടിപൂജയ്ക്ക് പ്രധാനമായും വേണ്ടത്. തന്ത്രിയാണ് മുഖ്യ കാർമികത്വം വഹിയ്ക്കുക.പടിപൂജയ്ക്ക് ദേവസ്വത്തിൽ 15,001 രൂപ മുൻകൂർ അടച്ചു ബുക്കു ചെയ്യണം.

## ഉദയാസ്തമയ പൂജ

അയ്യപ്പ ചൈതന്യം വർദ്ധിപ്പിയ്ക്കുന്നതിനായി ഭക്തരുടെ ഇഷ്ടവഴിപാടാണ് ഉദയാസ്തമയ പൂജ. ഉഷ:പൂജയിൽ തുടങ്ങി അത്താഴപൂജയിൽ അവസാനിയ്ക്കുന്ന 18 പൂജകളുണ്ട്. ഉച്ചപൂജയ്ക്ക് 25 കലശം പൂജിച്ച് അയ്യപ്പവിഗ്രഹത്തിൽ ആറാടും. ഉദായാസ്തമയ പൂജയ്ക്ക് 10,001 രൂപ ദേവസ്വത്തിൽ അടച്ച് മുൻകൂട്ടി ബുക്ക് ചെയ്യണം.

## പറകൊട്ടി പാട്ട്

സ്വാമി ഭക്തരുടെ ശനിദോഷമകറ്റാൻ മാളികപ്പുറത്തു പറകൊട്ടി പാട്ട്. പാലാഴിമഥനത്തെ തുടർന്ന് മഹാവിഷ്ണുവിന് ശനിദോഷം ബാധിച്ചു. പരമശിവൻ വേലനായും പാർവ്വതി വേലത്തിയുമായി എത്തി പാടി വിഷ്ണുവിൻെറ ശനിദോഷം മാറ്റിയത്രേ. ഇതിനെ അനുസ്മരിപ്പിയ്ക്കുന്ന ചടങ്ങാണ് മാളികപ്പുറത്തെ പറകൊട്ടിപാട്ട്.
മണിമണ്ഡപത്തിനു മുമ്പിലായി 15 വേലന്മാരാണ് പറകൊട്ടി പാടുന്നത്. മാടമൺ, വടശ്ശേരിക്കര, വെണ്ണിക്കുളം, തെള്ളിയൂർ, ചുനക്കര, തൃക്കൊടിത്താനം, ആറന്മുള എന്നിവിടങ്ങളിൽ നിന്നുള്ള വേലന്മാർ കേശാദിപാദം കഥ പാടിയാണ് ഭക്തരുടെ ശനിദോഷം മാറ്റുന്നത്. സർപ്പദോഷവും കണ്ണും നാവും ദോഷവും മാറ്റാൻ മാളികപ്പുറത്തെ നാഗരാജ നടയിൽ സർപ്പം പാട്ടുമുണ്ട്.

## ഹരിഹരനന്ദനചരിതം

**'ആദിത്യ ചന്ദ്രന്റെ കണ്ണഴകോടെ ശ്രീമഹാദേവന്റെ മെയ്യഴകോടെ ശംഖും കഴുത്തിലോ പൊന്നരയോടെ ശ്രീ ധനുമാസത്തിലുത്തിരം നാളിൽ പഞ്ചമിപ്പക്കം പിറന്നാളുണ്ണി '**

ഇതു ഭൂതഗണനാഥൻ അയ്യപ്പനെക്കുറിച്ചുള്ള കവിവചനം. ധർമ്മശാസ്താവിന്റെ ഉത്പത്തിയ്ക്ക് പുരാവൃത്തങ്ങളേറെ. അയ്യപ്പപുരാണങ്ങളിൽ അഗ്രസ്ഥാനത്താണ് 'ഭൂതനാഥോപാഖ്യനം'. ശ്രീഭൂതനാഥനെന്നും അറിയപ്പെടുന്ന ധർമ്മശാസ്താവിനെപ്പറ്റിയുള്ള കഥകൾ ഈ സംസ്കൃത ഗ്രന്ഥത്തിൽ 15 അധ്യായങ്ങളിലായി വിവരിയ്ക്കുന്നു.

ശാപഗ്രസ്തരായ ഋഷി ദമ്പതികളാണ് സത്യത്തിൽ അയ്യപ്പന്റെ ജനനത്തിന് ഹേതു. സൃഷ്ടി-സ്ഥിതി-ലയ ശക്തികളായ ബ്രഹ്മാവും വിഷ്ണുവും ശിവനും അത്രി-അനസൂയ എന്നീ ഋഷി ദമ്പതികളുടെ അഭീഷ്ടപ്രകാരം അവരുടെ ശക്തിയുടെ ഒരു ഭാഗം ചേർത്ത് ദത്തനു ജന്മമേകുന്നു. ദേവപത്നിമാരും അവരുടെ ശക്തി കൊണ്ട് ലീലയെയും സൃഷ്ടിയ്ക്കുന്നു. ദത്തൻ ലീലയെ വിവാഹം കഴിച്ചു. പക്ഷേ,

വർഷങ്ങൾ കൊഴിയവെ ദത്തന് ലൗകികജീവിതത്തിൽ വിരക്തിതോന്നി. ലീലയ്ക്കത് സമ്മതമായില്ല. കോപാകുലനായ ദത്തൻ അവൾ മന്ദബുദ്ധിയായ മഹിഷിയായി ജനിയ്ക്കട്ടെ എന്ന് ശപിച്ചു. അവളോടൊത്ത് കഴിയാൻ മഹിഷമായി ജനിയ്ക്കട്ടെ എന്ന് ലീല ദത്തനെയും ശപിച്ചു.ലീല കഠിന തപസ്സിനാൽ ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി. ആഗ്രഹിയ്ക്കുമ്പോഴെല്ലാം രോമകൂപങ്ങളിൽ നിന്ന് തന്നെപ്പോലുള്ള ഭീകരജീവികൾ ആവിർഭവിയ്ക്കണമെന്നും വിഷ്ണുവിനും ശിവനും ജനിയ്ക്കുന്ന പുത്രനല്ലാതെ മറ്റാർക്കും തന്നെ വധിയ്ക്കാൻ സാദ്ധ്യമാകരുതെന്നും അവൾ വരം വാങ്ങി.

ഒരിയ്ക്കൽ, ക്ഷിപ്രകോപിയായ ദുർവ്വാസാവ് ദേവന്മാർക്ക് ജരാനര ബാധിയ്ക്കട്ടെ എന്ന് ശപിച്ചു. പാൽക്കടൽ കടഞ്ഞുണ്ടാകുന്ന അമൃതം സേവിയ്ക്കുക എന്നതായിരുന്നു മോക്ഷ മാർഗ്ഗം. ദേവാസുരന്മാർ പാൽക്കടൽ കടഞ്ഞു. അമൃതകുംഭം പൊന്തിവന്ന ഉടൻ അസുരന്മാർ അത് തട്ടിയെടുത്തു. ഇതു വീണ്ടെടുക്കാൻദേവന്മാർ വിഷ്ണുവിനെ അഭയം തേടി. വിഷ്ണു മോഹിനീ വേഷത്തിൽ അസുരപാളയത്തിലെത്തി അവരെ കബളിപ്പിച്ച് അമൃതകുംഭം കവരുന്നു. ഇതിനിടെ മഹേശ്വരൻ വിഷ്ണുവിന്റെ സ്ത്രീവേഷത്തിൽ അനുരക്തനായി. അവരുടെ സംസർഗത്തിൽ കൺഠത്തിൽ മണിയോടുകൂടിയ ഹരിഹരനന്ദനൻ ഭൂജാതനായി.

## <u>പുലിപ്പാലു തേടുന്ന പന്തളകുമാരൻ</u>

ഭൂതലത്തിൽ മഹിഷി സുന്ദരമഹിഷവുമൊത്ത് വിഹരിച്ചിരുന്ന വനാന്തരങ്ങളിൽ പമ്പാതീരത്ത് ദേവകൾ മണികണ്ഠനെ കിടത്തി.

പന്തളം രാജാവ് രാജശേഖരൻ വേട്ടയാടി വനത്തിൽ എത്തുകയും പമ്പാതീരത്ത് ശിശുവിനെ കാണുകയും ചെയ്തു. കുട്ടികൾ ഇല്ലാതിരുന്ന അദ്ദേഹം കുട്ടിയെ കൊട്ടാരത്തിലേയ്ക്ക് കൊണ്ടുപോയി. അയ്യപ്പൻ എന്ന പേരിട്ട് വളർത്തി. രാജ്യത്തിന് അനന്തരാവകാശിയെ കിട്ടിയതിൽ രാജാവ് സന്തോഷിച്ചു. അപ്പോഴാണ് അപ്രതീക്ഷിതമായി രാജ്ഞി ഗർഭം ധരിയ്ക്കുകയും ഒരു പുത്രനെ പ്രസവിയ്ക്കുകയും ചെയ്യുന്നത്.

അയ്യപ്പനെ യുവരാജാവാക്കുന്നത് മന്ത്രി മുഖ്യന് ഇഷ്ടമായില്ല. അദ്ദേഹം രാജ്ഞിയെ സമീപിച്ച് സിംഹാസനം സ്വപുത്രന് നഷ്ടപ്പെടുമെന്ന കാര്യം ഓർമ്മിപ്പിച്ചു. അവരുടെ ഗൂഢാലോചനയനുസരിച്ച്, അയ്യപ്പനെ ഒഴിവാക്കാൻ രാജ്ഞി അസുഖം അഭിനയിച്ചു. രോഗം മാറാൻ മരുന്നു പുലിപ്പാലിൽ ചാലിച്ചു സേവിയ്ക്കണമെന്ന് മന്ത്രി ശട്ടം കെട്ടിയ കൊട്ടാരം വൈദ്യൻ നിർദ്ദേശിയ്ക്കുകയും ചെയ്തു. ധീരനായ അയ്യപ്പൻ വളർത്തമ്മയ്ക്കായ് ദൗത്യം ഏറ്റെടുത്തു.

പുലിവേട്ടയ്ക്ക് കാട്ടിലെത്തിയ അയ്യപ്പൻ അവിടെ മഹിഷിയെ കണ്ടുമുട്ടി. അവളുമായി ഭീകര യുദ്ധത്തിലേർപ്പെടുകയും നിഷ്പ്രയാസം നിഗ്രഹിയ്ക്കുകയും ചെയ്തു. ശാപമോക്ഷം കിട്ടിയ മഹിഷി, തന്നെ വരിയ്ക്കണമെന്ന് ശാസ്താവിനോട് പ്രാർത്ഥിച്ചു. നിത്യബ്രഹ്മചര്യവ്രതം നോറ്റുകഴിഞ്ഞിരുന്ന കുമാരൻ അവളുടെ അഭ്യ ർത്ഥന മാനിച്ചില്ല. പകരം എന്നെങ്കിലുമൊരിയ്ക്കൽ തന്നെത്തേടി താൻ വസിയ്ക്കാനിരിയ്ക്കുന്ന പൊന്നമ്പലത്തിൽ കന്നിമലക്കാർ വരാതായാൽ അന്ന് അവളെ വേട്ടുകൊള്ളാമെന്നു വരം നൽകി മാളികപ്പുറത്തമ്മയായി സ്വപക്ഷത്തു വാഴിയ്ക്കുകയും ചെയ്തു. മഹിഷിയുടെ സഹായത്താൽ പുലിക്കൂട്ടത്തെ തന്നെ വരുതിയിലാക്കിയ അയ്യപ്പൻ പുലിമേൽ സഞ്ചരിച്ച് പുലിക്കൂട്ടവുമായി പന്തളത്ത് എത്തി. രാജാവിനും രാജ്ഞിയ്ക്കും മറ്റുള്ളവർക്കും അയ്യപ്പൻെറ ദിവ്യത്വം ബോധ്യമായി. അയ്യപ്പൻെറ ദിവ്യസാന്നിദ്ധ്യം ഒരു ക്ഷേത്രത്തിൽ സ്ഥായിയായി നിലനിർത്തി തലമുറകളുടെ മേൽ അനുഗ്രഹം ചൊരിയണമെന്ന് രാജാവും ജനങ്ങളും അദ്ദേഹത്തോട് പ്രാർത്ഥിച്ചു.

കലിയുഗവരദൻ എന്ന ഭാവത്തിൽ അയ്യപ്പൻെറ സാന്നിദ്ധ്യം എപ്പോഴും ഉണ്ടാകണമെന്ന് അവർ അപേക്ഷിച്ചു. ക്ഷേത്രം നിർമ്മിയ്ക്കുന്നതിനായി അയ്യപ്പൻ പുണ്യസ്ഥലം നിർദ്ദേശിച്ചു. അദ്ദേഹം നിർദ്ദേശിച്ച പ്രകാരം ശബരിമലയിലെ വനാന്തരത്തിൽ ക്ഷേത്രം നിർമ്മിയ്ക്കപ്പെട്ടു. പ്രതിഷ്ഠയുടെ

അവസരത്തിൽ അഗസ്ത്യൻ, പരശുരാമൻ തുടങ്ങിയ ദിവ്യാത്മാക്കളുടെ സാന്നിധ്യം അവിടെ ഉണ്ടായി. പരശുരാമനാണ് വീരാസനത്തിൽ ചിന്മുദ്രയോടുകൂടി ഇരിയ്ക്കുന്ന ശ്രീ അയ്യപ്പൻെറ വിഗ്രഹം പ്രതിഷ്ഠിച്ചത്.

## സ്വാമിയ്ക്കു ചാർത്താൻ...

ആശ്രിതവത്സലൻ അയ്യപ്പനു ചാർത്താൻ വളർത്തച്ഛനായ പന്തളരാജാവ് നൽകിയ ആഭരണങ്ങൾ. പന്തളം കൊട്ടാരത്തിൽ നിന്നു കൊടുത്തയയ്ക്കുന്ന തിരുവാഭരണങ്ങൾ വർഷത്തിലൊരിയ്ക്കൽ മകര സംക്രമത്തിന്റെ പുണ്യദിവസം മാത്രമാണ് വിഗ്രഹത്തിൽ ചാർത്തുക. പന്തളം കൊട്ടാരത്തിൽ സൂക്ഷിയ്ക്കുന്ന ആഭരണപ്പെട്ടി കൃഷ്ണപ്പരുന്തിന്റെ അകമ്പടിയോടെ സന്നിധാനത്തിലേയ്ക്കു കൊണ്ടു വരുന്നതും കൊണ്ടുപോകുന്നതും പുണ്യമായ മറ്റൊരു അനുഷ്ഠാനമാണ്, പുണ്യദർശനം തന്നെയാണ്.

മകരസംക്രമപൂജ തുടങ്ങുന്നതിനു മുമ്പ് അയ്യപ്പവിഗ്രഹത്തിൽ തിരുവാഭരണം അണിയിയ്ക്കുന്നു. 90 കിലോമീറ്റർ അകലെയുള്ള പന്തളം കൊട്ടാരത്തിൽ നിന്നാണ് തിരുവാഭരണം സന്നിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നത്. പൂജയ്ക്കു ശേഷം അത് കൊട്ടാരത്തിലേയ്ക്ക് കൊണ്ടുപോകുന്നു. ധനു മാസം 25ന് പന്തളം അയ്യപ്പക്ഷേത്രത്തിൽ നിന്ന് പുറപ്പെടുന്ന സമയം മുതൽ ശബരിമല ദർശനത്തിന് ശേഷം പന്തളത്ത് തിരിച്ചു ചെല്ലുന്നത് വരെ തിരുവാഭരണ വാഹകരും പന്തളം തമ്പുരാനും കാൽനടയായി സഞ്ചരിയ്ക്കുന്നു.

ഭക്തർ ആടിയും പാടിയും തിരുവാഭരണപ്പെട്ടിയെ അനുഗമിയ്ക്കുന്നു. ഇതാണ് തിരുവാഭരണ ഘോഷയാത്ര. തിരുവാഭരണപ്പെട്ടിയിലുള്ള ചെറിയ ചുരിക പന്തളം തമ്പുരാൻ മകരമാസം മൂന്നാം തീയ്യതി ശബരിമല ക്ഷേത്രനടയിൽ വയ്ക്കുമ്പോഴാണ് തിരുവാഭരണങ്ങൾ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നത്. ആഭരണം ചാർത്തിക്കഴിഞ്ഞാൽ മറ്റ് വഴിപാടുകൾ നടത്തുമ്പോൾ ആഭരണം വിഗ്രഹത്തിൽ നിന്ന് മാറ്റാറില്ല. തിരുവാഭരണം ധരിച്ച അയ്യപ്പ വിഗ്രഹം കണ്ട് തൊഴുക എന്നത് അയ്യപ്പ ഭക്തർക്ക് നിർവൃതിദായകമാണ്.

## ധനു മാസം 28 (ഒന്നാം ദിവസം)

തിരുവാഭരണം ഈ സുദിനത്തിൽ അതിരാവിലെ ബ്രാഹ്മമുഹൂർത്തത്തിൽ പന്തളം അയ്യപ്പക്ഷേത്രസന്നിധിയിൽ ഭക്തജനദർശനത്തിനായി കൊണ്ടുവന്ന് എഴുന്നള്ളുന്ന വലിയ തമ്പുരാനെ ക്ഷേത്രനടയിൽ വച്ചു തന്നെ സ്വീകരിച്ച് കിഴക്കെ ഇടവഴിയിൽകൂടി അകത്തേയ്ക്ക് ആനയിയ്ക്കുന്നു. ദർശനത്തിനു ശേഷം അദ്ദേഹം ശ്രീകോവിലിന്റെ തെക്കു ഭാഗത്തായി പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ ഇരുന്ന് ഭക്തജനങ്ങൾക്ക് വിഭൂതി നൽകി അനുഗ്രഹിയ്ക്കുന്നു. പത്തര മണിയോടെ രാജപ്രതിനിധിയായി നിയോഗിയ്ക്കപ്പെട്ട ഇളയതമ്പുരാൻ എത്തും. അദ്ദേഹവും ഇതേ ചടങ്ങുകളോടു കൂടി ദർശനം നടത്തി വലിയ തമ്പുരാന്റെ ഇടതുവശത്തായി നിൽക്കുന്നു.

പന്ത്രണ്ടര മണിയ്ക്ക് ഉച്ചപൂജയ്ക്കായി നട അടയ്ക്കും. നട തുറന്നാലുടൻ അയ്യപ്പനെയും പീഠത്തിൽ പ്രത്യേകമായി വച്ച ഉടവാളിനെയും തിരുവാഭരണത്തെയും മേൽശാന്തി നീരാഞ്ജനമുഴിയും. തീർത്ഥവും പ്രസാദവും നൽകിയ ശേഷം അദ്ദേഹം ഉടവാൾ വലിയ തമ്പുരാനെ ഏൽപ്പിയ്ക്കുന്നു. വലിയ തമ്പുരാൻ ഉടവാൾ രാജപ്രതിനിധിയായ ഇളയ തമ്പുരാനെ ഏൽപിച്ച് യാത്രാനുമതി നൽകുന്നു.

ഉച്ചയ്ക്ക് ഒരു മണിയോടു കൂടി രാജകുടുംബാംഗങ്ങൾ തിരുവാഭരണം ഇരുവശത്തും പിടിച്ച് പൊക്കിയെടുത്ത് പ്രദക്ഷിണമായി കിഴക്കെ ഇടനാഴിയിലൂടെ ക്ഷേത്രകവാടത്തിൽ കൊണ്ടുവരുന്നു. തിരുവാഭരണവും മറ്റ് പേടകങ്ങളും അവിടെ നിന്നും പ്രത്യേകംനിയോഗിയ്ക്കപ്പെട്ടവാഹകർ ശിരസ്സിലേറ്റി പ്രദക്ഷിണമായി മേടക്കല്ലിറങ്ങി കൈപ്പുഴ ക്ഷേത്രം വഴി കുളനട ക്ഷേത്രത്തിലേയ്ക്ക് കൊണ്ടു പോകുന്നു. പ്രതിനിധിയായി നിയോഗിയ്ക്കപ്പെട്ട ഇളയ തമ്പുരാൻ എല്ലാ രാജകീയപ്രൗഢിയും പ്രജാക്ഷേമ തൽപ്പരതയും ഉൾക്കൊള്ളുന്ന തമ്പുരാനാണ്. അദ്ദേഹമാണ് ഭഗവാന്റെ തിരുവാഭരണം

കൈകാര്യം ചെയ്യാൻ അധികാരമുള്ള ഏക വ്യക്തി. അതുകൊണ്ട് തിരുവാഭരണത്തോടൊപ്പം തമ്പുരാനും കിഴക്കെ നടയിൽ നിന്ന് പുറപ്പെടും.ക്ഷേത്രപ്രദക്ഷിണം കഴിഞ്ഞ് അദ്ദേഹം മേടക്കല്ലു വഴി നടുവിലെ മാളിക മുറ്റത്തു തയാറാക്കിയ പല്ലക്കിനടുത്തെത്തി ഉടവാൾ കുറുപ്പിനെ ഏൽപ്പിയ്ക്കുന്നു. കുറുപ്പ് ഉടവാളും പരിചയുമായി മുൻപിലും ഇളയതമ്പുരാൻ പല്ലക്കിൽ പിന്നിലുമായി വടക്കേമുറി കൊട്ടാരത്തിലേയ്ക്ക് എഴുന്നെള്ളുന്നു.

തമ്പുരാൻ കൊട്ടാരത്തിലെത്തി വിധിപ്രകാരം കർമ്മങ്ങൾ അനുഷ്ഠിച്ച ശേഷം പരിവാരങ്ങളെയും കൂട്ടി കൊട്ടാരവളപ്പിൽ പതിനെട്ടു പടികളും ഇറങ്ങി പരമ്പരാഗതപാതയിലൂടെ കുളനട ക്ഷേത്രത്തിന്റെ തെക്കു ഭാഗത്തെത്തുന്നു.അവിടെ അദ്ദേഹത്തെ കാത്തുകിടക്കുന്ന പല്ലക്കിൽ ഉപവിഷ്ടനാകുന്നു. കുളനട ക്ഷേത്രം വരെ ഇനി അദ്ദേഹം പല്ലക്കിലായിരിയ്ക്കും യാത്ര ചെയ്യുന്നത്. കുളനട ക്ഷേത്രത്തിൽ നിന്നും തിരുവാഭരണ പേടകങ്ങളുടെ വാഹകരും അവരുടെ പിന്നിലെ ഉടവാളും പരിചയുമായി കുറുപ്പും അതിനു പിന്നാലെ കാൽനടയായി തമ്പുരാനും. ഈ മുറയ്ക്ക് ശബരിമല ശ്രീ അയ്യപ്പസ്വാമി ദർശനത്തിനായുള്ള യാത്ര ആരംഭിയ്ക്കുന്നു.ഉള്ളന്നൂർ, ആറന്മുള, പൊന്നിൻതോട്ടം, ചെറുകോൽ ക്ഷേത്രങ്ങളിൽ ദർശനത്തിനു ശേഷം അന്ന് രാത്രി എട്ടുമണിയോടുകൂടി അയിരൂർ പുതിയകാവ് ക്ഷേത്രത്തിൽ എത്തുന്നു. ഈ യാത്രയ്ക്കിടയ്ക്ക് ഉള്ളന്നൂർ കവല, കിടങ്ങന്നൂർ കവല, കോഴഞ്ചേരി തെക്കെ കവല, പമ്പാടി മണ്ണ് തുടങ്ങിയ ഇടങ്ങളിൽ ഭക്തജനങ്ങൾ തിരുവാഭരണത്തിനും തമ്പുരാനും സ്വീകരണം നൽകുന്നു.അയിരൂർ പുതിയ കാവ് ക്ഷേത്രത്തിലെത്തി സ്നാനാദി കർമ്മങ്ങൾക്കു ശേഷം തമ്പുരാൻ തിരുവാഭരണദർശനത്തിനായി കാത്തുനിൽക്കുന്നവർക്ക് വിഭൂതി നൽകി അനുഗ്രഹിയ്ക്കുന്നു. പൂജാരിയുടെ ആതിഥ്യം സ്വീകരിച്ച് പരിവാരങ്ങളോടൊപ്പം ക്ഷേത്രത്തിൽ തന്നെ വിശ്രമിയ്ക്കുന്നു.

## ധനു മാസം 29 (രണ്ടാം ദിവസം)

പുലർച്ചെ രണ്ടര മണിയോടുകൂടി തമ്പുരാൻ തിരുവാഭരണവുമായി യാത്ര തിരിയ്ക്കുന്നു. ഇടപ്പാവൂർ ദേവീക്ഷേത്ര ദർശനത്തിനുശേഷം വഞ്ചിയിൽ പമ്പയാർ കുറുകെ കടന്ന് ആഴിയ്ക്കൽ കുന്നുപാറപ്പുറത്തെ സ്വീകരണത്തിൽ പങ്കുകൊള്ളുന്നു. വടശ്ശേരിക്കരയിൽ എത്തുന്ന തമ്പുരാൻ ചെറുകാവു ദേവീക്ഷേത്രത്തിൽ ഏർപ്പെടുത്തിയ താലപ്പൊലി സ്വീകരിച്ച് ഭക്തജനങ്ങൾക്ക് ഭസ്മം നൽകി അനുഗ്രഹിയ്ക്കുന്നു.

വടശ്ശേരിക്കര മഹാവിഷ്ണു ക്ഷേത്രത്തിലും ചെറുകാവു ക്ഷേത്രത്തിലും ഭക്തർക്ക് തിരുവാഭരണം ദർശിയ്ക്കാം. പത്തുമണിയ്ക്ക് വീണ്ടും യാത്ര തുടങ്ങുന്നു. ആദ്യം മാടമൺ ക്ഷേത്രത്തിൽ എഴുന്നള്ളിയ്ക്കുകയും പിന്നീട് മടത്തുംമൂഴിക്കടവു വഴി പമ്പ കുറുകെ കടന്ന് ഇരു കരകളിലെയും സ്വീകരണങ്ങൾക്കുശേഷം ഉച്ചയ്ക്ക് ഒരു മണിയ്ക്ക് പെരുനാട് ക്ഷേത്രത്തിലെത്തി കുളിച്ച് ആഹാരം കഴിച്ച് വിശ്രമിയ്ക്കുന്നു.

മൂന്നുമണിയ്ക്കു ശേഷം തുടരുന്ന യാത്രയിൽ ചെട്ടിയാരുടെ പ്രാർത്ഥനാലയത്തിലെ സ്വീകരണം, പൂജ, നിവേദ്യം ഇത്യാദി ചടങ്ങുകൾക്കു ശേഷം ചെമ്മണ്ണു കയറ്റം തുടങ്ങുന്ന സ്ഥലത്തു വേലൻ ഉറഞ്ഞു തുള്ളി തമ്പുരാനെ സ്വീകരിയ്ക്കും. പിന്നീട് ളാഹ തോട്ടത്തിൽ ഭക്തജനങ്ങളുടെ സ്വീകരണത്തിൽ പങ്കെടുത്ത് രാത്രിയിൽ ളാഹ വനം വകുപ്പ് ഓഫീസിൽ വിശ്രമിയ്ക്കുന്നു. ഇവിടെയും തിരുവാഭരണ ദർശനത്തിന് സൗകര്യമുണ്ട്.

## മകര മാസം 1 (മൂന്നാം ദിവസം)

അതിരാവിലെ രണ്ടുമണിയോടെ തിരുവാഭരണത്തോടൊപ്പം യാത്ര തിരിച്ച് പ്ലാപ്പള്ളിയിൽ കൊച്ചുവേലന്റെ സ്വീകരണം ഏറ്റുവാങ്ങിയതിനു ശേഷം തമ്പുരാനും പരിവാരങ്ങളും നിലയ്ക്കൽ ക്ഷേത്രത്തിലെത്തുന്നു. ദർശനത്തിനുശേഷം അല്പ സമയം ഭക്തജനങ്ങൾക്ക് ഭസ്മം നൽകി അനുഗ്രഹിയ്ക്കുന്നു.

പ്രഭാതഭക്ഷണം കഴിഞ്ഞ് കൊല്ലമൂഴിയിൽ ആദിവാസികളുടെ സ്വീകരണവും തുടർന്ന്

വലിയാനവട്ടത്തെത്തി തമിഴ്നാട്ടിലെ മധുര വാസികളായ ഭക്തരുടെ സ്വീകരണവും ഏറ്റുവാങ്ങുന്നു. തിരുവാഭരണവും മറ്റും മറ്റുപേടകങ്ങളും പ്രാചീന കാട്ടുപാതയായ നീലിമല വഴി സന്നിധാനത്തേയ്ക്ക് അയച്ച് തമ്പുരാനും പരിവാരങ്ങളും പമ്പയിലുള്ള രാജമണ്ഡപത്തിലെത്തി വിശ്രമിയ്ക്കുന്നു.

തിരുവാഭരണം ശബരീപീഠത്തിലും ശരം കുത്തിയിലും സ്വീകരണങ്ങൾക്കുശേഷം സന്നിധാനത്തെത്തിയാൽ പ്രധാന പേടകം മേൽശാന്തി ഏറ്റുവാങ്ങി ശ്രീകോവിലേയ്ക്കും, മറ്റു രണ്ടുപേടകങ്ങളായ വെള്ളിപ്പെട്ടിയും കുടപ്പെട്ടിയും മാളികപ്പുറത്തേയ്ക്കും ആനയിയ്ക്കുന്നു.അന്നുതന്നെ ശ്രീകോവിലിൽ അയ്യപ്പ വിഗ്രഹത്തിന്മേൽ ചെറിയ ചുരിക ഒഴികെ മറ്റെല്ലാ തിരുവാഭരണങ്ങളും ചാർത്തിയാണ് ദീപാരാധനയ്ക്ക് നട തുറക്കുന്നത്.

ഈ സംക്രമ മുഹൂർത്തത്തിൽ മകരനക്ഷത്രം കിഴക്കു ദിക്കിൽ ഉദിയ്ക്കുകയും ദേവലോകത്ത് ദേവന്മാർ നടത്തുന്ന പൂജയുടെ പ്രഭാവലയം അവിടെ ദൃശ്യമാകുകയും ചെയ്യുമെന്നാണ് വിശ്വാസം. അടുത്ത ദിവസം അഭിഷേകസമയത്തു മാത്രമേ ഈ ആഭരണങ്ങൾ അഴിച്ചുമാറ്റുകയുള്ളൂ. മകരസംക്രമദർശനം കഴിഞ്ഞാൽ രാത്രിയിൽ മാളികപ്പുറത്തു നിന്ന് പുറപ്പെടുന്ന എഴുന്നള്ളിപ്പ് പതിനെട്ടാം പടിയ്ക്കലെത്തി നായാട്ടു വിളിയും കഴിഞ്ഞ് മാളികപ്പുറത്തേയ്ക്കു തന്നെ തിരിച്ചുപോകുന്നു. ഈ അനുഷ്ഠാനങ്ങൾ തുടർച്ചയായി അഞ്ച് ദിവസം ഉണ്ടാകും.

## മകര മാസം 2 (നാലാം ദിവസം)

തമ്പുരാനും പരിവാരങ്ങളും പമ്പയിലെ രാജമണ്ഡപത്തിൽ താമസിച്ച് ഭക്തജനങ്ങളെ ഭസ്മം നൽകി അനുഗ്രഹിയ്ക്കുന്നു.

## മകര മാസം 3 (അഞ്ചാം ദിവസം)

ഉച്ചയ്ക്ക് ഒന്നര മണിയോടെ തമ്പുരാൻ സന്നിധാനത്തിലേയ്ക്ക് പുറപ്പെടുന്നു. ഈ സമയത്ത് സന്നിധാനത്ത് ഉച്ചപൂജയ്ക്കു ശേഷം നട അടയ്ക്കുകയും, ക്ഷേത്രപ്രദക്ഷിണമുറ്റവും പതിനെട്ടാം പടിയും കഴുകി വൃത്തിയാക്കി വയ്ക്കുകയും ചെയ്യും.നാലുമണിയോടുകൂടി ശരംകുത്തിയിലെത്തുന്ന തമ്പുരാനെ ദേവസ്വം ബോർഡ് അധികാരികൾ വാദ്യമേളം, ആന, ചങ്ങലവിളക്ക് തുടങ്ങിയവയുടെ അകമ്പടിയോടെ സ്വീകരിയ്ക്കുന്നു. തമ്പുരാൻ ആനപ്പുറത്ത് കയറിയിരിയ്ക്കുന്നു എന്ന സങ്കല്പത്തിൽ ആനയുടെ പുറത്ത് ഒരു വെള്ള വസ്ത്രം വിരിച്ചിരിയ്ക്കും. ഈ വസ്ത്രം ആനക്കാരനുള്ളതാണ്.

തിരുവാഭരണ പേടകത്തിലെ ചെറിയ ചുരിക ദേവസ്വം പ്രതിനിധിയിൽ നിന്ന് സ്വീകരിച്ചു കൊണ്ട് സന്തോഷ സൂചകമായി തമ്പുരാൻ മുണ്ടും അംഗവസ്ത്രവും നൽകുന്നു. ചങ്ങല വിളക്ക് മുമ്പിലും പിന്നിൽ ഉടവാളും പരിചയുമായി കുറുപ്പും അതിനു പിന്നിൽ വലതുകൈയിൽ ചുരികയുമായി തമ്പുരാനും തമ്പുരാനു പിന്നിൽ പന്തളം കൊട്ടാരത്തിലെ മറ്റു കൊച്ചു തമ്പുരാക്കന്മാരും അണിനിരന്ന് വാദ്യഘോഷങ്ങളോടെ പതിനെട്ടാം പടിയിലേയ്ക്ക് നീങ്ങുന്നു.

കഴുകി വൃത്തിയാക്കിയ പതിനെട്ടാം പടിയ്ക്കു താഴെ ഒരുക്കിയ ആവണിപ്പലകയിലേയ്ക്ക് ആനയിയ്ക്കുന്ന തമ്പുരാനെ ശബരിമലക്ഷേത്ര മേൽശാന്തി ശ്രീകോവിലിൽ നിന്ന് കിണ്ടിയിൽ വെള്ളവും പതിനെട്ടാം പടിയിൽ ഉടയ്ക്കുവാനുള്ള നാളികേരവുമായി വന്ന് സ്വീകരിയ്ക്കുന്നു.
തുടർന്ന് തമ്പുരാൻ ആ നാളികേരം ഉടച്ചശേഷം ഉടവാളും പരിചയുമായി നടക്കുന്ന കുറുപ്പിന്റെ പിന്നാലെ ചുരികയും കയ്യിൽ പിടിച്ച് പതിനെട്ടാം പടി കയറി ഇടതുവശത്തുകൂടി നടന്ന് ശ്രീകോവിലിന്റെ ഒരു വശത്ത് എത്തുന്നു.ഈ സമയം തമ്പുരാനും കൊച്ചുതമ്പുരാക്കന്മാരും അല്ലാതെ മറ്റാരും സോപാനത്തിൽ നിൽക്കില്ല. തമ്പുരാൻ ചെറിയ ചുരിക ശ്രീകോവിലിന്റെ പടിയിൽ വയ്ക്കും. മേൽശാന്തി അതെടുത്ത് തിരുവാഭരണഭൂഷിതനായ അയ്യപ്പന്റെ വലതു ഭാഗത്തു സ്ഥാപിയ്ക്കും. അങ്ങനെ ഭഗവാൻ തിരുവാഭരണങ്ങൾ പൂർണ്ണമായും അണിയും.

ശ്രീ അയ്യപ്പഭഗവാനെ വന്ദിച്ചു കഴിഞ്ഞാലുടൻ തമ്പുരാനു മാത്രം പ്രസാദം നൽകാനായി

കരുതിയിട്ടുള്ള സ്വർണ്ണത്തളികയിൽ പ്രസാദവും ശംഖിൽ നിന്ന് തീർത്ഥവും എടുത്ത് മേൽശാന്തി ശ്രീകോവിലിൽ ഭഗവദ് വിഗ്രഹത്തിനു മുന്നിൽ വയ്ക്കുന്നു. ദർശനത്തിനു ശേഷം മേൽശാന്തിയോടൊപ്പം ഉപദേവന്മാർ, ഗണപതി, നാഗരാജാവ് ഇവരുടെയെല്ലാം ക്ഷേത്രങ്ങളിൽ കർപ്പൂരാരാധന നടത്തി വന്ദിച്ച ശേഷം പ്രദക്ഷിണമായി വടക്കേ നടയിറങ്ങി തമ്പുരാൻ പല്ലക്കിൽത്തന്നെ മാളികപ്പുറത്തേയ്ക്ക് യാത്രയാകുന്നു.

മാളികപ്പുറത്തും കർപ്പൂരാരാധന കണ്ട് വന്ദിച്ച് തീർത്ഥദക്ഷിണ നൽകി മണിമണ്ഡപം കടന്ന് മാളികപ്പുറത്ത് ഒരുക്കിയിട്ടുള്ള രാജമണ്ഡപത്തിലെത്തുന്നു. മകരമാസം ആറാം തീയ്യതിവരെ തമ്പുരാനും പരിവാരങ്ങളും ഈ രാജമണ്ഡപത്തിൽ താമസിച്ച് എന്നും രാവിലേയും ഉച്ചയ്ക്കും വൈകിട്ടുമുള്ള പൂജാസമയം മേൽശാന്തി അറിയിക്കുന്നതനുസരിച്ച് മേൽപ്പറഞ്ഞ രീതിയിലുള്ള ചടങ്ങുകളിൽ ദർശനം നടത്തും. തമ്പുരാൻ എത്തിയതിനുശേഷമേ പൂജയ്ക്ക് നടവാതിൽ അടയ്ക്കുകയുള്ളൂ. തമ്പുരാന്റെ ദർശനസമയത്ത് സോപാനത്തിനരികെ കർശന നിയന്ത്രണം ഉണ്ടായിരിയ്ക്കും. ദർശനത്തിനുശേഷം നിവേദ്യം രാജമണ്ഡപത്തിൽ എത്തിച്ചുകൊടുക്കും.

**മകര മാസം 4 (ആറാം ദിവസം)**മേൽ വിവരിച്ചതു പോലെ വ്യത്യാസമില്ലാതെ സന്നിധിയിൽ കഴിയുന്നു.

## മകര മാസം 5 (ഏഴാം ദിവസം)

ക്ഷേത്രത്തിൽ പതിനൊന്നു മണിയോടുകൂടി നെയ്യഭിഷേകം അവസാനിയ്ക്കും. പന്ത്രണ്ടു മണിയ്ക്ക് തമ്പുരാനും പരിവാരങ്ങളും കളഭാഭിഷേകത്തിൽ പങ്കെടുക്കാൻ ക്ഷേത്രത്തിലെത്തി സോപാനത്തിന്റെ തെക്കു ഭാഗത്തായി നിൽക്കും. കളഭാഭിഷേകവും നിവേദ്യപൂജയും കഴിഞ്ഞ് തന്ത്രിയിൽ നിന്ന് തമ്പുരാൻ പ്രസാദം വാങ്ങി വലിയമ്പലത്തിന്റെ തെക്കു ഭാഗത്ത് ഇരിയ്ക്കും.തുടർന്ന് തന്ത്രി, മേൽശാന്തി, പാണി, ശംഖ്, മേളക്കാർ തുടങ്ങിയവർക്ക് തമ്പുരാൻ ദക്ഷിണ നല്കും.

ഇതിനുള്ളവ, വെറ്റില, അടയ്ക്ക, വസ്ത്രം, പണക്കിഴി, ആവണിപ്പലക, പൂവ് തുടങ്ങിയവ അവിടെ നേരത്തെ തന്നെ ദേവസ്വം അധികൃതർ ഒരുക്കും. ദക്ഷിണയ്ക്കു ശേഷം തന്ത്രി, മേൽശാന്തി, ബോർഡ് അധികാരികൾ തുടങ്ങിയവരെ തമ്പുരാൻ താൻ നടത്തുന്ന കളഭസദ്യയിൽ പങ്കുകൊള്ളാൻ ക്ഷണിച്ച ശേഷം മാളികപ്പുറത്തേയ്ക്കു മടങ്ങുന്നു. കളഭാഭിഷേകത്തിനു ശേഷം ഏഴാം തീയതി നട അടയ്ക്കുന്നതുവരെ നെയ്യഭിഷേകം ഉണ്ടായിരിയ്ക്കില്ല.

## മകര മാസം 6 (എട്ടാം ദിവസം)

ഈ ദിവസം പതിവുള്ള ദർശനത്തിനു ശേഷം തമ്പുരാനും പരിവാരങ്ങളും സന്നിധാനത്തേയ്ക്ക് താമസം മാറ്റുന്നു. കളമെഴുത്തു പാട്ടിനും ഗുരുതിയ്ക്കും ഹാജരായി തമ്പുരാൻ കർമ്മികൾക്ക് ദക്ഷിണ നൽകും.അത്താഴപ്പൂജ കഴിഞ്ഞാൽ ആരെയും പതിനെട്ടാം പടി ചവിട്ടി ദർശനം നടത്താൻ അനുവദിയ്ക്കില്ല.

## മകര മാസം 7 (ഒമ്പതാം ദിവസം)

അഭിഷേകം കഴിഞ്ഞാൽ ഈ ദിവസം ഗണപതിഹോമം, ഉഷനിവേദ്യം എന്നിവ മാത്രമേ ഉണ്ടാകൂ. അതിനുശേഷം ശ്രീകോവിലിനുള്ളിൽ മേൽശാന്തി വിഗ്രഹത്തെ ശിരോവസ്ത്രം അണിയിച്ച് അമ്പും വില്ലും നൽകി തമ്പുരാനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഒരുക്കുന്നു. ഒരുക്കം പൂർത്തിയായലുടൻ തമ്പുരാനെ കൂടിക്കാഴ്ച്ചയ്ക്ക് ക്ഷണിയ്ക്കുന്ന മേൽശാന്തി ശ്രീകോവിലിനുള്ളിലെ എല്ലാ ദീപങ്ങളും കൊളുത്തുന്നു. എന്നിട്ട് അദ്ദേഹം ഇടതു കൈയിൽ നീരാഞ്ജനവും കത്തിച്ചു പിടിച്ച് ശ്രീകോവിലിന്റെ കതകിന് മറ ഞ്ഞു കാത്തു നിൽക്കും.

ഈ സമയത്ത് 18ാം പടിയ്ക്കു മുകളിൽ തമ്പുരാനൊഴികെ മറ്റാരും നിൽക്കാൻ പാടില്ല. തുടർന്നു തമ്പുരാൻ ശ്രീകോവിലിന്റെ മുന്നിലെത്തി അയ്യപ്പനുമായി കൂടിക്കാഴ്ച നടത്തും. തമ്പുരാൻ കൈ

കൂപ്പി വിട ചോദിയ്ക്കുന്നതോടെ കൂടിക്കാഴ്ച അവസാനിയ്ക്കുന്നു. മേൽശാന്തി ഉടൻ കതകിന് പിന്നിൽ നിന്ന് മുന്നോട്ടു വന്ന് വിഗ്രഹത്തിലെ ശിരോ വസ്ത്രവും അമ്പും വില്ലും മാറ്റി ഭസ്മാഭിഷേകം നടത്തി രുദ്രാക്ഷമാലയും ദണ്ഡും അണിയിച്ച് അയ്യപ്പനെ ധ്യാനനിരതരൂപനാക്കുന്നു.

അടുത്തപടിയായി തമ്പുരാന്റെ സാന്നിദ്ധ്യത്തിൽ മേൽശാന്തി പിറകോട്ട് നടന്ന് ശ്രീകോവിലിനുള്ളിലെ വിളക്കുകൾ ഒന്നൊന്നായി അണയ്ക്കുന്നു. അവസാനം ഒരു ചെറിയ വിളക്കിൽ തിരി പകർന്ന ശേഷം തമ്പുരാനോട് ശ്രീകോവിൽ അടയ്ക്കുവാനുള്ള അനുവാദം ചോദിയ്ക്കുന്നു. അനുവാദം കിട്ടിയാലുടൻ കർപ്പൂരദീപം കൊളുത്തി മേൽ ശാന്തി നടയടച്ച് താക്കോൽ തമ്പുരാനെ ഏൽപ്പിയ്ക്കുന്നു.ഏറ്റവും മുന്നിൽ ഉടവാളും പരിചയുമായി കുറുപ്പും അതിനു പിന്നിൽ നീരാഞ്ജനവുമായി മേൽശാന്തിയും അതിനു പിന്നിൽ തമ്പുരാനും എന്ന രീതിയിൽ എല്ലാവരും ക്ഷേത്രം വലം വയ്ക്കുന്നു.

പടിയിറങ്ങുന്നതിനു മുമ്പ് ഉടയ്ക്കാനുള്ള നാളികേരം മേൽശാന്തി തമ്പുരാനെ ഏൽപ്പിയ്ക്കുന്നു.കുറുപ്പും മേൽശാന്തിയും പടിയിറങ്ങിയതിനുശേഷം തമ്പുരാൻ നാളികേരം ഉടച്ച് പതിനെട്ടാംപടി അടച്ച് താഴേയ്ക്കിറങ്ങുന്നു. താഴെ എത്തിയ ശേഷം മേൽശാന്തിയും തമ്പുരാനും പടിഞ്ഞാറോട്ട് ദർശനമായി സാഷ്ടാംഗം നമസ്ക്കരിയ്ക്കുന്നു. തുടർന്ന് തമ്പുരാൻ പടിഞ്ഞാറോട്ടും മേൽശാന്തി കിഴക്കോട്ടും മുഖാമുഖം തിരിഞ്ഞു നിൽക്കും. ഈ സമയത്ത് ഒരു വർഷത്തെ വരവു ചെലവു മിച്ചമെന്ന സങ്കല്പത്തിൽ പണക്കിഴി മേൽശാന്തി തമ്പുരാനെ ഏൽപ്പിയ്ക്കുന്നു. ഇതിനു ശേഷം അടുത്ത വർഷം വരെ മാസപൂജ നടത്തുന്നതിന് ശ്രീകോവിലിന്റെ താക്കോൽ തമ്പുരാൻ മേൽശാന്തിയെ തിരിച്ചേൽപ്പിയ്ക്കുന്നു. താമസിയാതെ തമ്പുരാനും പരിവാരങ്ങളും സന്നിധാനത്തിൽ നിന്ന് മടക്കയാത്ര ആരംഭിയ്ക്കുന്നു. പമ്പയിൽ ചെന്ന് തിരുവാഭരണവും പല്ലക്കുമായി നിലയ്ക്കൽ വഴി അന്നു രാത്രി തന്നെ ളാഹ യിലെത്തി വിശ്രമിയ്ക്കുന്നു.

## മകര മാസം 8 (പത്താം ദിവസം)

അതിരാവിലെ തന്നെ വന്ന വഴിയിൽക്കൂടി മടങ്ങി പെരുനാട് ശ്രാംബിയ്ക്കൽ കുടുംബത്തിലെ ഗൃഹനാഥന്റെ വഴിപാടും ആതിഥേയത്വവും സ്വീകരിച്ച് തമ്പുരാനും പരിവാരങ്ങളും വിശ്രമിയ്ക്കുന്നു.പെരുനാട് ക്ഷേത്രത്തിലേയ്ക്ക് തിരുവാഭരണത്തേയും തമ്പുരാനേയും ഘോഷയാത്രയായി ആനയിച്ച് തിരുവാഭരണ പേടകം തുറന്ന് തമ്പുരാന്റെ നിർദ്ദേശപ്രകാരം തിരുവാഭരണം മേൽശാന്തി ക്ഷേത്രത്തിലെ വിഗ്രഹത്തിൽ ചാർത്തുന്നു.അന്ന് അർദ്ധരാത്രി വരെ ദർശനത്തിനും വഴിപാടുകൾ നടത്തുന്നതിനും ഭക്തജനങ്ങൾക്ക് സൗകര്യം ഉണ്ട്. ഈ സമയം തമ്പുരാൻ ഭക്തജനങ്ങളെ ഭസ്മം നൽകി അനുഗ്രഹിയ്ക്കുന്നു.

## മകര മാസം 9 (പതിനൊന്നാം ദിവസം)

പെരുനാട് ക്ഷേത്രത്തിൽ നിന്ന് രാവിലെ തിരിച്ച് ആറന്മുളയിൽ കിഴക്കെ നടയിലുള്ള വടക്കെ കൊട്ടാരത്തിൽ എത്തിച്ചേരുന്നു.അവിടെ അറവാതിൽക്കൽ തിരുവാഭരണപേടകം ഇറക്കി വൈകിട്ട് അഞ്ചുമണിയോടുകൂടി തുറന്ന് ഭക്തജനങ്ങൾക്ക് വന്ദിയ്ക്കാനുള്ള സൗകര്യം നൽകുന്നു. അന്ന് രാത്രി തമ്പുരാനും സംഘവും അവിടെ വിശ്രമിയ്ക്കുന്നു.

## മകര മാസം 10 (പന്ത്രണ്ടാം ദിവസം)

ആറന്മുളയിൽ നിന്ന് അതിരാവിലെ തിരിച്ച് എട്ടുമണിയോടുകൂടി പന്തളം അയ്യപ്പക്ഷേത്രത്തിനു സമീപം ആൽത്തറയിൽ എത്തുന്ന തമ്പുരാനെയും സംഘത്തെയും അയ്യപ്പസേവാസംഘം പന്തളം ശാഖ സ്വീകരിച്ച് ആദരിയ്ക്കുന്നു. അല്പനേരത്തെ വിശ്രമത്തിനു ശേഷം ദേവസ്വം ബോർഡ് അധികാരികളും കൊട്ടാരം കുടുംബാംഗങ്ങളും കൂടി തിരുവാഭരണത്തേയും തമ്പുരാനേയും ക്ഷേത്രത്തിലേയ്ക്ക് ആനയിയ്ക്കുന്നു. തമ്പുരാൻ ക്ഷേത്രത്തിന് പ്രദക്ഷിണം വച്ച് ഉടവാൾ തിരുവാഭരണം സൂക്ഷിക്കുന്ന അറയിൽ എത്തിയ്ക്കുന്നു.എന്നിട്ട് തമ്പുരാൻ കൊട്ടാരത്തിലേയ്ക്ക് മടങ്ങുന്നതോടുകൂടി മകരവിളക്കു മഹോത്സവം അവസാനിയ്ക്കുന്നു.

**സ്വാമിയേ ശരണമയ്യപ്പാ!!**



## വ്രതശുദ്ധിയുമായി ഗുരുവായൂർ ഏകാദശി

**SunilMeno**

ഗുരുവായൂർ ഏകാദശി എല്ലാ വർഷവും വൃശ്ചികമാസത്തിലെ ശുക്ലപക്ഷത്തിലാണ് നടക്കുന്നത്. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്രത്തിൽ വെച്ച് അർജ്ജുനന് ഗീതോപദേശം നൽകിയത് വൃശ്ചികമാസത്തിലെ ഏകാദശി ദിവസമാണെന്ന് വിശ്വസിക്കപ്പെടുന്നു. മേൽപ്പത്തൂരിനും, ആദി ശങ്കരനും, വില്വമങ്ഗലം സ്വാമിയാർക്കും വിശ്വ ദർശനം നൽകിയതും ഈ ദിനത്തിലാണെന്ന് വിശ്വാസമുണ്ട്.

ഗീതാ ദിനം കൂടിയായ ഈ ദിവസം വ്രതമെടുത്തു പതിനായിരങ്ങൽ ക്ഷേത്ര സന്നിധിയിലെത്തും.. ഭഗവാൻ ഗീതോപദേശ്ഹം നൽകിയതും, ഗുരുവും വായുവും കൂടി ഗുരുവായൂരപ്പന്റെ പ്രതിഷ്ഠ നടത്തിയതും ഈ എകാദശി ദിനതിലാണ്.

ക്ഷേത്രത്തിലെത്തുന്ന എല്ലാ ഭക്തന്മാർക്കും നോമ്പു വട്ടമായ ഗോതബ് ചോറും രസകാളനം പുഴുക്കും ഗോതബ് പായസവും നൽകും. വൈകീട്ടു പാർഥസാരദി ക്ഷേത്രത്തിൽ നിന്നും രഥം എഴുന്നള്ളിച്ചു ഗുരുവായുർ ക്ഷേത്രം വലം വെച്ചു വണങ്ങും.

ഏകാദശി ദിവസം ഗുരുവായൂർ നടയിൽ വെച്ച് നൃത്തത്തിലും സംഗീതത്തിലും അരങ്ങേറ്റം നടത്തുന്നത് ശുഭകരമായി വിശ്വസിക്കപ്പെടുന്നതിനാൽ ഇതിനായി നല്ല തിരക്കുണ്ടാവാറുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ വർഷവും ഏകാദശിയോടനുബന്ധിച്ച് ചെമ്പൈ സ്മാരക സംഗീതോത്സവം നടത്തുന്നു. ദക്ഷിണേന്ത്യയിലെ പ്രമുഖ കലാകാരന്മാർ ഇതിനായി ഗുരുവായൂരിൽ എത്തിച്ചേരുന്നു.

*Om Namo Narayanaya:*

# Temple News

## SWAMI SARANAM (News from Dombivli)

MANDALA KAALAM (VRISCHIKAM – MAKARAM).

**NR Pillai (Raju) – Dombivli, 6th November, '06**

Today is vrischikam onnu (November 17), the beginning of Mandala Kaalam. Shouting of sweet SARANAM (surrender to GOD) " Swamiye Saranam Ayyappa" (O Lord Ayyappa, I came to Thee for refuge – surrender to what advise given b y Krishna to Arjuna in Gita – sarvadharmam parityajya – abandoning all dharma – mamekam saranam vrajat – take refuge in me – so He could redeem him from all of his sins.), is a permanent feature of the pilgrimage, particularly devotees who wore "rudrakshamaala", taking hard penance (vritam) for 41 days, have to observe strict abstinence from worldly pleasure – a penance unique to Keralam.

Observing 41 days austerities, carrying irumudi, eighteen steps (pathinettam padi) leading to sanctum sanctorum, all are unique feature of Sabarimala.

Sabarimala's doors are open to all, irrespective of caste, creed, religion and social status. No difference between rich and poor, high and low – all are alike – AYYAPPA. The deity (Lord) and the devotees are believed to be one.

In Mumbai and its neighboring places viz. Thane, Dombivli, Kalyan has the highest number of Temples, Organizations, Bhajan Groups (a score of more than 100) dedicated to Lord AYYAPPA celebrate Mandala/Makara vilakku during this season (Mid-Nov to Mid-Jan) with various entertainment programes. Some details are given below:

Dombivli Shree Ayyappa Samithi
Dombivli East.

Venue: Nehru Maidan, Date: 7, 8, 9 Dec. 2006.

Items: Major Panchavadyam by Chelakkara Madhavan Kuttyn & Party.
Krishna Leela by Upasana Akademy of Fine Arts, Chembur.

Shree Vishnu Maheswara Ayyappa Temple, Kalwa – Thane.

Sun. 17th Dec. 2006.

Shree Ayyappa Temple Trust, Vartak Nagar, Thane (W).

Shree Ayyappa Temple, Sagaon. Dombivli East.

Shree Ayyappa Seva Sangham, Sakharam Complex, Dombivli West.

**Om Namo Narayanaya:**

**Please email your name and a brief introduction to have your personal introduction published in next Navaneetham. Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com**

***Sources, credits and copyright acknoledgements***

Lord Ayyappan; the dharma shasta." Book, 2d ed. Bombay, Bharatiya Vidya Bhavan, 1966.

"Essentials of Hinduism",
by V. Krishnamurthy,

Krishna pictures/Artwork courtesy of
**The Bhaktivedanta Book Trust International, Inc.**
**www.krishna.com.**

**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**



**Submitted at the lotus feet of Sri Guruvayoorappan by devotees.**

**Loka Samastha Sukhino Bhavanthu - May God bless everyone.**

**Om Namo Narayanaya:**